# MY LORD, MY GOD

*Bulletin Irinjalakuda Diocese*
*P.B. No. 59, Irinjalakuda-680121*
*Phone : 2826830, 2826820*
*Website : www.irinjalakudadiocese.com*
*Book : 32 Volume : 10*

**October 2011**


## ഉള്ളടക്കം


1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 ചെന്നൈമിഷൻ ........ 06
4 വിജ്ഞാപനം ........ 07
5 അത്യുന്നത കർദ്ദിനാൾ ലെയനാർദോ സാന്ദ്രിയുടെ . സന്ദേശം ........ 11
8 ലോകമിഷൻ ഞായർ – മാർപാപ്പയുടെ സന്ദേശം ........ 12
9 മേജർ ആർച്ചുബിഷപ്പിന്റെ സന്ദേശം ........ 17
10 മതബോധനം ........ 19
11 സഭാവാർത്തകൾ ........ 20
12 ബ്ലസ് എ ഹോം ........ 21
13 സെന്റ് പോൾസ് മൈനർ സെമിനാരി ........ 23
14 സോഷ്യൽ ആക്ഷൻ ........ 24
15 പാക്സ് ........ 24
**16 സംഘടനാവാർത്തകൾ**
അവാർഡ് ........ 25
കെ.സി.വൈ.എം. ........ 26
കരിസ്മാറ്റിക് മൂവ്മെന്റ് ........ 27
സാൻജോ സദൻ ........ 27
സ്പിരിച്ചാലിറ്റി സെന്റർ ........ 28
തിരുബാലസഖ്യം ........ 29
ബി.എൽ.എം. ........ 30
കെ.സി.എസ്.എൽ. ........ 31
നവചൈതന്യ ........ 31
സി.എൽ.എ. ........ 32
17 സീറോമലബാർ റിസർച്ച് സെന്റർ ........ 33
18 ഇടയന്റെ നാളെകൾ ........ 34
19 ഇടയന്റെ ഇന്നലെകൾ ........ 35

# ഇടയശബ്ദം



*പ്രിയ സഹോദരവൈദികരേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യമുള്ള അല്മായ സഹോദരരേ,*

'കുടുംബകൂട്ടായ്മ സ്നേഹസമൂഹസൃഷ്ടിക്കായ്' എന്ന ആപ്തവാ ക്യത്തോടെ കുടുംബകൂട്ടായ്മവർഷം നമ്മുടെ രൂപതയിൽ ആചരിച്ചു തുട ങ്ങിയിട്ട് പകുതി കാലഘട്ടം പൂർത്തിയാവുകയാണ്. ഗാർഹികസഭയായിരിക്കുന്ന കുടുംബത്തിന്റെ നവീകരണവും അതുവഴി ആദിമക്രൈസ്തവസമൂ ഹത്തിന്റെ ചൈതന്യത്തിൽ ഒരേ ആത്മാവോടും ഒരേ ഹൃദയത്തോടുംകൂടെ ഒത്തുകൂടുന്ന ഇടവക സമൂഹത്തിന്റെ വളർച്ചയും തൽഫലമായി രൂപപ്പെടുന്ന വിശ്വാസാധിഷ്ഠിത സ്നേഹസമൂഹമായ രൂപതയുമാണ് നമ്മുടെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി നാം രൂപപ്പെടുത്തിയ കർമ്മപരിപാടികളുടെ നടത്തിപ്പിനെ വിലയിരുത്തുവാനും തുടർപരിപാടികൾ ആസൂത്രണം ചെയ്യുവാനും ഒക്ടോബർ മാസത്തിൽ നാം പരിശ്രമിക്കണം.

ബന്ധങ്ങളുടെ മേന്മയും വിശുദ്ധിയും വർദ്ധിപ്പിക്കുക എന്നതാണ് ഈ കുടുംബകൂട്ടായ്മാവർഷത്തിൽ നാം രൂപീകരിച്ച കുടുംബസന്ദർശന പദ്ധതിയുടെ ലക്ഷ്യം. അതുവഴി ഭൗതികസ്വാധീനങ്ങളുടെ തലത്തിൽനിന്ന് ആത്മീയചൈതന്യത്തിലേക്ക് നമ്മുടെ കുടുംബങ്ങളെ നയിക്കണം. വിശ്വാസത്തിന് വിരുദ്ധമായ വെല്ലുവിളികളെ തരണം ചെയ്യുവാൻ കുടുംബസന്ദർശനം സഹായിക്കും. അധാർമ്മിക പ്രവർത്തനങ്ങൾക്കുള്ള പ്രലോഭനങ്ങളെ ചെറുത്തു തോല്പിക്കുവാനും ജീവിതലക്ഷ്യം മുൻനിർത്തി പ്രവർത്തനങ്ങളെ കേന്ദ്രീകരിക്കുവാനും ഇതുവഴി കുടുംബങ്ങൾക്ക് ശക്തി ലഭിക്കും. ലഹരിവസ്തുക്കളുടെ ഉപയോഗം, ആത്മഹത്യ, ഗർഭഛിദ്രം തുടങ്ങിയ തിന്മകളെ അതിജീവിക്കുവാനും ഇത്തരം കുടുംബസന്ദർശനങ്ങൾ സഹായകമാകും. സാമൂഹിക പ്രതിബദ്ധത വളർത്തുവാനും തിരസ്കൃതരെ പരിഗണിക്കുവാനും മുതിർന്നവരെ ആദരിക്കുവാനും കുടുംബപ്രേഷിതത്വം പ്രചോദനമേകും.

നമ്മുടെ ഇടവക കേന്ദ്രീകൃതമായുള്ള കുടുംബസന്ദർശനവും അജപാലന ശുശ്രൂഷയും കാര്യക്ഷമമാക്കുവാൻ കൂട്ടായ ഒരു പരിശ്രമത്തിന് നാം തുടക്കം കുറിക്കണം. ഓരോ ഇടവകയിലും വികാരിയച്ചനോടൊപ്പം സമർപ്പിത വൈദികരും സന്യാസിനികളും അത്മായ സഹോദരരും ഒന്നിച്ചു ചേർന്നുള്ള ഒരു അജപാലന ശുശ്രൂ

ഷാപദ്ധതിക്ക് നമുക്ക് നേതൃത്വം നൽകാം. കൂട്ടായ്മ നവീകരണത്തിന് കുടുംബങ്ങളിലും ഇടവകകളിലും പ്രാവർത്തികമാക്കുവാൻ നൽകിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ ഇടവകയിലെ കുടുംബങ്ങളെ 10 കുടുംബങ്ങൾ വീതമുള്ള ഗ്രൂപ്പുകളാക്കി തിരിക്കുകയും ഓരോ ഗ്രൂപ്പിനും ഓരോ ലീഡറെ നിശ്ചയിക്കുകയും ചെയ്യുക. കൂടുതൽ സമർപ്പിത വൈദികരോ സന്യാസിനികളോ ഉള്ള ഇടവകകളിൽ ഈ ഗ്രൂപ്പുകളുടെ ആനിമേറ്റേഴ്സ് ആയി സമർപ്പിതരെ നിയമിക്കുക. പ്രസ്തുത ഗ്രൂപ്പുകളുടെ ആത്മീയ കാര്യങ്ങൾ നന്നായി നടക്കുവാൻ ആവശ്യമായ പരിശീലനവും പ്രചോദനവും ഗ്രൂപ്പ് ലീഡേഴ്സും ആനിമേറ്റേഴ്സും കുടുംബങ്ങൾക്ക് നൽകണം. വികാരിയച്ചന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ ഈ ഗ്രൂപ്പ് ലീഡേഴ്സും ആനിമേറ്റേഴ്സും യൂണിറ്റ് ഭാരവാഹികളും ഒന്നിച്ചുകൂടുകയും ആവശ്യമായ ചർച്ചകളും വിലയിരുത്തലുകളും നടത്തുകയും വേണം. ഓരോ ഗ്രൂപ്പിലെയും കുടുംബങ്ങൾ മാസത്തിലൊരിക്കൽ ലീഡേഴ്സും ആനിമേറ്റേഴ്സും സന്ദർശിക്കണം. വികാരിയച്ചന്റെ സന്ദർശനാവസരത്തിൽ ഈ പത്തു കുടുംബങ്ങളും അവരുടെ ആനിമേറ്റേഴ്സും ലീഡേഴ്സും ഒന്നിച്ച് സായാഹ്ന പ്രാർത്ഥന നടത്തുകയും പിറ്റേദിവസം ഇടവക ദേവാലയത്തിൽ വി. ബലിയർപ്പണത്തിൽ പങ്കെടുക്കുകയും ചെയ്യണം. ഓരോ യൂണിറ്റിലെയും സന്ദർശനം അവസാനിക്കുമ്പോൾ കുടുംബകൂട്ടായ്മ വർഷത്തിൽ അനുവദിച്ചിട്ടുള്ളതുപോലെ യൂണിറ്റിലെ ഒരു സ്ഥലത്ത് ഒരുമിച്ചു കൂടി വി. ബലി അർപ്പിക്കണം.

ഏല്പിക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങളിൽ തെറ്റായ പഠനങ്ങളുടെ സ്വാധീനം ഒട്ടുംതന്നെ ഇല്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ലീഡേഴ്സിനും ആനിമേറ്റേഴ്സിനും ഉള്ളതാണ്. അതുപോലെതന്നെ ഈ കുടുംബങ്ങളെ സമഗ്രമായി സഹായിക്കാൻ കഴിയുന്ന പദ്ധതികൾ ഇവർ ആസൂത്രണം ചെയ്യണം. വി. ഗ്രന്ഥത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിനും സഭയുടെ വി. പാരമ്പര്യങ്ങളെക്കുറിച്ച് പഠിക്കു ന്നതിനും സഭാചരിത്രത്തെ ആധികാരികമായി അറിയുന്നതിനും ആവശ്യമായ സെമിനാറുകളും പഠനക്കളരികളും ക്ലാസ്സുകളും ഇടവക തലത്തിലോ കുടുംബകൂട്ടായമ അടിസ്ഥാനത്തിലോ സംഘടിപ്പിക്കേണ്ടതാണ്. ആഴ്ചയിൽ ഒരു ദിവസം ഇടവകകളിലും സമർപ്പിത സമൂഹങ്ങളിലും ഉപവാസ പ്രാർത്ഥനാദിനമായി ആചരിക്കുന്നത് നല്ലതാണ്. ഓരോ ഗ്രൂപ്പിലെയും പ്രത്യേകം പ്രാർത്ഥന ആവശ്യമുള്ള കുടുംബങ്ങളെ തിരിച്ചറിഞ്ഞ് പ്രസ്തുത പ്രാർത്ഥനാദിനത്തിൽ അവരെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യണം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ഇരിങ്ങാലക്കുട
25. 09. 2011

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതമെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

**1 Appointments**

**Rev. Fr. Anto Chungath -** Chaplain, Paulalayam C.S.S. Convent, Vallakkunnu, w.e.f. 12. 09. 2011.

**V. Rev. Msgr. Jose Irimpan -** Chaplain, Santhi Sadan C.S.M. Convent, Irinjalakuda w.e.f. 19. 09. 2011.

**Rev. Fr. Thomas Panjikaran -** Chaplain, Alvernia F.C.C. Convent, Irinjalakuda w.e.f. 19. 09. 2011

**Rev. Fr. Felix O. Carm -** Assistant Vicar, St. Thomas Cathedral, Irinjalakuda w.e.f. 19. 09. 2011

**2 Relieving Orders**

**Rev. Fr. Sebastian Arikatt -** Paulalayam C.S.S. Convent, Vallakkunnu, w.e.f. 12. 09. 2011.

**Rev. Fr. Anto Chungath -** Santhi Sadan C.S.M. Convent, Irinjalakuda w.e.f. 12. 09. 2011.

**V. Rev. Msgr. Jose Irimpan -** Alvernia F.C.C. Convent, Irinjalakuda w.e.f. 19. 09. 2011

**3 Members of Formation Council for Seminarians w.e.f. 05. 09.2011**

1 **Mar Pauly Kannookadan** - Bishop
2. **V. Rev. Msgr. Sebastian Maliekal**-Syncellus, In charge of Seminarians
3 **Rev. Fr. Joy Kadambatt** - Representative From the Presbyterium
4 **Rev. Fr. Varghese Palathingal** - Rector, Minor Seminary
5 **V. Rev. Fr. Lazar Kuttikadan** - Representative From the College of Consultors
6 **Rev. Fr. Davis Kizhakumthala** - Rector, 4th Year Minor Seminary
7 **Rev. Fr. Rejoy Pazhayattil** - Vice Rector, Minor Seminary

**4. ജപമാലഭക്തി :** ഒക്ടോബർ മാസത്തിൽ ജപമാലഭക്തിക്ക് പ്രത്യേക പ്രാധാന്യം നല്കി പരി. അമ്മയെപ്പോലെ വിശ്വാസജീവിതത്തിൽ വളരാൻ ശ്രമിക്കാം.

**5. അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സമാപനം**

ഒക്ടോബർ 3 തിങ്കളാഴ്ച അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി വർഷം സമാപിക്കുകയാണ്. അന്നേദിവസം പിതാവിനുവേണ്ടി എല്ലാവരും പ്രത്യേകമായി പ്രാർത്ഥിക്കണം

**6. വൈദികസമ്മേളനം**

പഞ്ചദിനക്യാമ്പിന്റെ രണ്ടു ഗണങ്ങളുടെയും സംയുക്തസമ്മേളനം ഈ മാസം 6-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് രൂപതാഭവനത്തിൽ ആരംഭിക്കുന്നു. എല്ലാ ബഹു. അച്ചന്മാരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**7 മാസധ്യാനം**

ഒക്ടോബർ മാസത്തെ മാസധ്യാനം അതാതു ഫൊറോനകളിൽ വച്ചായിരിക്കും.

**8. മിഷൻഞായർ - ഒക്ടോബർ 23**

ഓരോ ക്രൈസ്തവനും പ്രേഷിതനാണെന്ന് ഓർമ്മപ്പെടുത്തുന്ന സുദിനം. ജീവിതമാതൃക, പ്രാർത്ഥന, സാമ്പത്തിക സഹായം എന്നിവയിലൂടെ പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്ക് പങ്കുകാരാകാം. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഢിപ്പിക്കപ്പെടുന്ന മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കാം. മുൻ വർഷങ്ങളിലെപ്പോലെ ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന രണ്ട് ഇടവകകൾക്കും വീടുകളുടെ എണ്ണത്തിൽ ശരാശരി ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന രണ്ട് ഇടവകകൾക്കും ഏറ്റവും കൂടുതൽ സംഖ്യ ഏല്പിക്കുന്ന 2 സ്ഥാപനങ്ങൾക്കും പ്രത്യേക സമ്മാനങ്ങൾ നല്കുന്നതാണ്. മിഷൻ ഞായർ പിരിവ് നവംബർ 30-ാം തിയ്യതി ഉച്ചകഴിഞ്ഞ് 5 മണിക്കുമുൻപ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**9. സകല മരിച്ചവരുടേയും ഓർമ്മത്തിരുനാൾ-നവംബർ 2 ബുധൻ**

മരണംമൂലം നമ്മിൽനിന്ന് വേർപെട്ട് പോയവർക്കു വേണ്ടി നവംബർ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കാം. സ്വർഗ്ഗോന്മുഖരായി ജീവിക്കുവാൻ മരണചിന്ത നമ്മെ പ്രാപ്തരാക്കട്ടെ.

**10. വൈദിക വിശുദ്ധീകരണദിനം**

നവംബർ 3-ാം തിയ്യതി വ്യാഴാഴ്ച മൈനർ സെമിനാരിയിൽവച്ച് വൈദിക വിശുദ്ധീകരണദിനമായി ആചരിക്കുന്നു. സമയം: 10 a.m മുതൽ 4 p.m. വരെ. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**11 പരസ്യപ്പെടുത്തൽ**

പുരോഹിതപട്ടവും മ്ശംശാനപട്ടവും സ്വീകരിക്കുന്ന അർത്ഥിക ളുടെ പേരുവിവരങ്ങൾ പട്ടസ്വീകരണത്തിനുമുമ്പ് സ്വന്തം ഇടവ കകളിൽ രണ്ടു കടമുള്ള ദിവസങ്ങളിൽ തുടർച്ചയായി വിശുദ്ധ കുർബാനമദ്ധ്യേ പരസ്യപ്പെടുത്തേണ്ടതാണ്.

**12 മിഷൻ ഞായർ കലണ്ടർ**

മിഷൻ ഞായർ കലണ്ടർ കൊണ്ടുപോകാത്ത ഇടവകകൾ എത്ര യുംവേഗം അവ കൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാകാര്യാലയം** **മോൺ. ജോസ് ഇരിമ്പൻ**

20. 09. 2011 വികാരി ജനറാൾ

## ചെന്നൈ മിഷൻ വാർത്തകൾ

**തിരുനാളുകൾ**

1. ഒക്ടോബർ 2-ാം തിയ്യതി വത്സരവാക്കം യൂണിറ്റിന്റെ മദ്ധ്യസ്ഥ യായ വി. കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിക്കുന്നു. അന്നുതന്നെ വേളാച്ചേരി യൂണിറ്റിന്റെ മദ്ധ്യസ്ഥയായ മദർതെ രേസ യുടെ തിരുനാളും ആഘോഷിക്കുന്നു.
2. ഒക്ടോബർ 16-ാം തിയ്യതി തിരുവെട്ടിയൂർ യൂണിറ്റിന്റെ മദ്ധ്യ സ്ഥനായ വി. യൂദാശ്ലീഹായുടെ തിരുന്നാൾ ആഘോഷിക്കുന്നു.
3. ഒക്ടോബർ 5, 6, 7, 8 തിയ്യതികളിൽ കീൾക്കട്ട്ളൈ, മുഗപ്പെയർ, പെരമ്പൂർ, എരണാവൂർ എന്നീ മേഖലകളിൽ വെച്ച് ശാലോം ടീമിന്റെ നേതൃത്വത്തിലുള്ള ധ്യാനം നടത്തുന്നു.
4. ഇക്കഴിഞ്ഞ മാസങ്ങളിൽ മിഷൻ അപ്പീൽ വഴിയായി പ്രാർത്ഥ നയാലും സംഭാവനയായും സഹായിച്ച എല്ലാ വികാരിയച്ച ന്മാർക്കും ജനങ്ങൾക്കും നന്ദി അറിയിക്കുന്നു.

**സഹായിച്ച പള്ളികൾ**

| | |
|---|---|
| പുത്തൻവേലിക്കര | 1,08,000.00 |
| പുത്തൻചിറ ഈസ്റ്റ് | 1,25,000.00 |
| വെള്ളാഞ്ചിറ | 94,500.00 |
| പ്രസാദവരനാഥ, ആളൂർ | 30,000.00 |

**ഫാ. ജോസ് പാലാട്ടി**

ചെന്നൈമിഷൻ കോ-ഓർഡിനേറ്റർ

1163/11
21. 09. 11

# വിജ്ഞാപനം

*യേശുവിൽ പ്രിയ സഹോദരരേ, വാത്സല്യമുള്ള മക്കളേ,*

കത്തോലിക്കാവിശ്വാസികളായ നാം ഏറ്റുപറയുന്ന വിശ്വാസം ദൈവവചനത്തിലും വിശുദ്ധ പാരമ്പര്യത്തിലും അധിഷ്ഠിതമാണ്. ക്രിസ്തുവിലും അവിടുന്ന് സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും നാം വിശ്വസിക്കുന്നു. വിശ്വാസമാകുന്ന വലിയ നിക്ഷേപം അഭംഗുരം കാത്തുസൂക്ഷിക്കുവാനും പരിശുദ്ധാത്മാവിനാൽ പ്രേരിതരായി വിശ്വാസസത്യങ്ങളെ വിശ്വസ്തതാപൂർവ്വം പ്രഘോഷിക്കുവാനും സഭയ്ക്ക് ഉത്തരവാദിത്വവും അവകാശവുമുണ്ട്. സഭയുടെ പ്രബോധനാധികാരത്തോട് കത്തോലിക്കാവിശ്വാസികളായ നാം വിധേയത്വം പ്രകടിപ്പിക്കുകയും അനുസരണാപൂർവ്വം സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

വെളിപ്പെടുത്തപ്പെട്ടതും കാതോലികവുമായ സത്യങ്ങൾ ദൈവവചനത്തിലോ വിശുദ്ധപാരമ്പര്യങ്ങളിലോ അടിസ്ഥാനമുള്ളവയാണ്. സഭാമക്കളായ നാം സഭയുടെ ഔദ്യോഗിക പ്രബോധനത്തെ വിശ്വാസപൂർവ്വം സ്വീകരിക്കണം. മാത്രമല്ല അത്തരം പഠനങ്ങൾക്ക് വിരുദ്ധമായ ഒന്നും പഠിപ്പിക്കരുതെന്ന് അനുശാസിക്കുകയും വേണം. ദൈവവചനത്തെ തെറ്റായി വ്യാഖ്യാനിക്കുകയും സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളെ വികലമായി ചിത്രീകരിക്കുകയും അതു പഠിപ്പിക്കുകയും ചെയ്യുന്ന വിവിധ സെക്ടുകളും പ്രസ്ഥാനങ്ങളും ഈയടുത്ത കാലത്തായി നമ്മുടെ രൂപതാതിർത്തിയിലും രൂപതയ്ക്ക് പുറത്തും രൂപപ്പെട്ടിട്ടുണ്ട്. അവയ്ക്ക് സഭയുടെ അംഗീകാരമോ അനുവാദമോ ഇല്ലാത്തതാണ്.

നമ്മുടെ രൂപതാതിർത്തിയിലെ മുരിയാടുള്ള "എംപറർ എമ്മാനുവേൽ ട്രസ്റ്റ് – സീയോൻ ധ്യാനകേന്ദ്രത്തിന്" ഇരിങ്ങാലക്കുട രൂപതയുടെ യാതൊരു അംഗീകാരമോ അനുവാദമോ ഇല്ലാത്തതാകുന്നുവെന്ന് ഞാൻ പ്രത്യേകം അറിയിക്കുന്നു. കത്തോലിക്കാവിശ്വാസം സ്വീകരിച്ചവർ ഒരിക്കലും ഈ ധ്യാനകേന്ദ്രത്തിലോ ഇത്തരം സ്ഥലങ്ങളിൽ ഇവർ നയിക്കുന്ന ധ്യാനപ്രഘോഷണത്തിലോ സംബന്ധിക്കരുതെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു.

സഭയുടെ അംഗീകാരമില്ലാത്ത ഇവർ നേതൃത്വം നല്കുന്ന പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും ആരും സംബന്ധിക്കരുത്. വിശ്വാസത്തിലും സഭാപ്രബോധനങ്ങളിലും അടിയുറച്ച ഒരു ക്രൈസ്തവ ജീവിതം നയിക്കുവാൻ ഏവരും ശ്രമിക്കണം. അബദ്ധവിശ്വാസം പ്രചരിപ്പിക്കുന്നവരുടെ സമൂഹത്തിൽ അകപ്പെട്ടുപോയ വിശ്വാസികളെ സ്നേഹബുദ്ധ്യാ തിരുത്താൻ ഏവരും യത്നിക്കണം. പ്രാർത്ഥനയും ഉപവാസവുംവഴി സ്വയം വിശുദ്ധീകരിക്കുന്നതിനും യഥാർത്ഥവിശ്വാസത്തിൽനിന്ന് വ്യതിചലിച്ചുപോയവർ തിരിച്ചുവരുന്നതിനും ഇടവരുമെന്ന് പ്രത്യാശിക്കുന്നു.



**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാമെത്രാൻ

2011 സെപ്തംബർ 21-ാം തിയ്യതി വി. മത്തായി ശ്ലീഹായുടെ തിരുനാൾ ദിവസം പുറപ്പെടുവിച്ചത്.

---

NB: ഈ വിജ്ഞാപനം ഒക്ടോബർ 9-ാം തിയ്യതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

## ഡിവൈൻ ടി.വി. ഭാരതത്തിൽ സംപ്രേക്ഷണം ആരംഭിക്കുന്നു

സീറോമലബാർ സഭയിലെ മെത്രാൻ സിനഡിന്റെ ആശീർവ്വാദത്തോടെ, കത്തോലിക്കാസഭയുടെ പഠനങ്ങൾക്ക് അനുസൃതമായി, വിൻസെൻഷ്യൻ വൈദികർ ആരംഭിക്കുന്ന **'ഡിവൈൻ വിഷൻ 2011'** നവംബർ 20 ഞായറാഴ്ച സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുന്നു. "ഗുഡ്നെസ് മീഡിയ" എന്ന പേരിലായിരിക്കും ഡിവൈൻ ടിവി സംപ്രേക്ഷണം ചെയ്യുക.



*Venerabilem Fratrem*

*Iacobum Pazhayattil,*

*primum olim Episcopum eparchiae Irinialakudensis, faustam sacerdotalis ordinationis quinquagesimam anniversariam feliciter recolentem memoriam, precibus Nostris prosequimur eiusque assiduam et frugiferam pastoralem laudamus navitatem tot per annos in fidelium utilitatem expletam, dum Benedictionem Apostolicam caelestium gratiarum auspicem ac Nostrae benevolentiae testem amanter ei elargimur.*

*Ex Arce Gandulfi, die XXX mensis Augusti, anno MMXI.*

---

**ബിഷപ്പ് ജെയിംസ് പഴയാറ്റിൽ പൗരോഹിത്യ സുവർണ്ണ ജൂബിലി**

## മാർപാപ്പയുടെ സന്ദേശം

To the Venerable Brother James Pazhayattil who for a long time now was the first Bishop of the Eparchy of Irinjalakuda. We Joyously recall the auspicious Occasion of the fiftieth anniversary of your Priestly Ordination. We accompany you with our prayers and we appreciate your constant and fruitful Pastoral zeal for so many years for the well-being of the faithful. We invoke upon you lovingly the protection of the Apostolic Blessing of heavenly graces and our best regards as well.

From the Vatican Palace (Castle Gandolfo); 30th August 2011

**Pope Benedict XVI**

APOSTOLIC NUNCIATURE
IN INDIA

50-C, NITI MARG, CHANAKYAPURI
NEW DELHI - 110 021

10 September 2011

N. 2426/11

Your Lordship,

It is both a pleasure and an honour to transmit to You the Message sent by the Holy Father Pope Benedict XVI on the happy occasion of the 50th anniversary of Your priestly Ordination (enclosure).

I avail myself of this occasion to express to You my heartfelt congratulations.

With fraternal regards and with prayerful good wishes, I remain,

Yours sincerely in Christ

Archbishop Salvatore Pennacchio
Apostolic Nuncio

His Lordship
Rt. Rev. **JAMES PAZHAYATTIL**
Bishop Emeritus of Irinjalakuda
St. Paul's Minor Seminary
P.B. No. 503
Irinjalakuda North – 680 125
Thrissur Dist. Kerala

(with enclosure)

CONGREGATIO
PRO ECCLESUS ORIENTALIBUS

## MESSAGES ON THE OCCASION OF THE GOLDEN JUBILEE OF THE ORDINATION TO THE PRIESTHOOD OF HIS EXCELLENCY JAMES PAZHAYATTIL

Willingly do I add my voice in thanksgiving to God, on this Golden Jubilee of the priestly ordination of His Excellency James Pazhayattil. Fifty years of faithful service in the vineyard of the Lord is always a cause for rejoicing. In the present case, the labours reserved to our esteemed brother included particular challenges and achievements. Bishop Pazhayattil began his priestly service by imparting not only the word of God, but also his particular knowledge of the English language and literature at St. Thomas College, Thrissur. From service among students and people in parishes, God called His servant quickly to Episcopal responsibilities. Ordained to the fullness of the priesthood On September 10th 1978, Bishop Pazhayattil took charge of the newly erected Eparchy of Irinjalakuda. His many years in that post included service also to the wider church, as Secretary to the Kerala Bishop's Conference and as a member of various commissions. Most particularly, Bishop Pazhayattil had the honour of as Assistant to the First Major Archbishop of the Syro-Malabar Church, His Eminence Antony Cardinal Padiyara.

Our revered brother in the priesthood and episcopacy has earned many awards and honours over the years. Today we join our prayers to his that the great high Priest, Jesus Christ, will accept the offering of his five decades of loyal and zealous service, rewarding it fittingly as only He can. The Archbishop Secretary Msgr. Cyril Vasil', the Under-Secretary, Msgr. Maurizio Malvestiti, as well as the clerical and lay collaborators of the Congregation for Oriental Churches join their heartfelt congratulations with mine accompanied by fervent prayers.

Desiring to remain always sincerely yours in Christ,
Cardinal Leonardo Sandri, Prefect

# ലോകമിഷൻ ഞായർ - 2011

## മാർപാപ്പയുടെ സന്ദേശം

***"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു"*** (യോഹ 20:21)

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21). "ആദിമ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അതേ ആവേശത്തോടെ" സുവിശേഷം പ്രഘോഷിക്കാനുള്ള സമർപ്പണം പുതുക്കുക അത്യാവശ്യമാണെന്ന് വന്ദ്യനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നവീന സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ, രണ്ടായിരം വർഷത്തെ ജൂബിലി ആഘോഷിച്ച സന്ദർഭത്തിൽ, ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞു (നോവോമില്ലേനിയോ ഇനേവുന്തേ നമ്പർ 58). മനുഷ്യസമൂഹത്തിനും തന്റെ അസ്തിത്വം പൂർണമായി ജീവിക്കാനുള്ള അഗാധമായ കാരണങ്ങൾ അന്വേഷിക്കുന്ന ഓരോ വ്യക്തിക്കും നല്കാൻ സഭയ്ക്കു സാധിക്കുന്ന ഏറ്റവും വിലപ്പെട്ട സേവനമാണത്. ഇക്കാരണത്താൽ അതേ ക്ഷണം ലോകമിഷൻ ഞായർ ആഘോഷത്തിൽ പ്രതിധ്വനിക്കുന്നു. യഥാർത്ഥത്തിൽ അവിരാമമായ സുവിശേഷപ്രഘോഷണം സഭയെ സജീവമാക്കുന്നുമുണ്ട്. സഭയുടെ തീക്ഷ്ണതയും പ്രേഷിത ചൈതന്യവും സജീവമാക്കപ്പെടുന്നുമുണ്ട്. അത് സഭയുടെ അജപാലന രീതികളെ നവീകരിക്കുന്നു. അവ പുതിയ സാഹചര്യങ്ങൾക്കും-നവസുവിശേഷവത്കരണം ആവശ്യമായിരിക്കുന്ന സാഹചര്യങ്ങൾക്കും-കൂടുതൽ കൂടുതൽ യോജിച്ചതായിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അജപാലനരീതികൾ പ്രേഷിത പ്രചോദനത്താൽ സജീവമാക്കുകയെന്ന ലക്ഷ്യവും അതിനുണ്ട്. "മിഷൻ സഭയെ നവീകരിക്കുന്നു. വിശ്വാസത്തെയും ക്രൈസ്തവ തനിമയെയും ശക്തിപ്പെടുത്തുന്നു. പുതിയ ആവേശവും പുതിയ ലക്ഷ്യങ്ങളും നല്കുന്നു. വിശ്വാസം അതു നല്കുന്നതുവഴി ശക്തമാക്കപ്പെടുന്നു. സാർവത്രിക മിഷനോടുള്ള സമർപ്പണത്തിൽ ക്രൈസ്തവ ജനതകളുടെ നവസുവിശേഷവത്കരണം പ്രചോദനവും പിന്തുണയും കണ്ടെത്തും" (നമ്പർ 2).

**പോകുവിൻ, പ്രഘോഷിക്കുവിൻ**

ഈ ലക്ഷ്യം ലിറ്റർജിയുടെ ആഘോഷത്തിൽ നിരന്തരമായി പുനരുജ്ജീവിപ്പിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ചു ദിവ്യബലിയിൽ അങ്ങനെ ചെയ്യുന്നു. ദിവ്യബലി (ലത്തീൻ ക്രമത്തിൽ) എപ്പോഴും അവസാനിക്കു

ന്നത് ഉത്ഥിതനായ യേശു അപ്പസ്തോലന്മാർക്കു നല്കിയ "പോകുവിൻ"... (മത്തായി 28:19) എന്ന കല്പനയോടുകൂടിയാണല്ലോ. ലിറ്റർജി എപ്പോഴും ലോകത്തിൽ നിന്നു വിളിച്ചുവരുത്തലും ലോകത്തിലേക്കുള്ള അയയ്ക്കലുമാണ്. അനുഭവിച്ചതെന്തോ അതിനു സാക്ഷ്യം നല്കാനാണ് അയയ്ക്കുന്നത്. ദൈവവചനത്തിന്റെ രക്ഷാകരമായ ശക്തി - ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ രക്ഷാകരമായ ശക്തി - ആണ് അനുഭവിച്ചറിഞ്ഞത്. ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടിയ എല്ലാവർക്കും, എമ്മാവൂസിലെ രണ്ടു ശിഷ്യന്മാർക്കെന്നപോലെ, കർത്താവിനെപ്പറ്റി മറ്റുള്ളവരോടു പ്രഘോഷിക്കുക ആവശ്യമാണെന്നത് തോന്നും. ആ ശിഷ്യന്മാർ അപ്പം മുറിക്കലിൽ കർത്താവിനെ തിരിച്ചറിഞ്ഞതിനുശേഷം "അപ്പോൾത്തന്നെ എഴുന്നേറ്റ് ജറുസലെമിലേക്കു തിരിച്ചുപോയി, അവിടെ കൂടിയിരുന്ന പതിനൊന്നു പേരെയും കണ്ടു". വഴിയിൽ വച്ചു സംഭവിച്ചത് അവരോടു പറയുകയും ചെയ്തു (ലൂക്കാ 24:33-34). ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ ആഹ്വാനം ചെയ്തു: "അവിടത്തെ മുഖം തിരിച്ചറിയാനും നമ്മുടെ സഹോദരങ്ങളുടെയടുത്തേക്ക് ഓടിച്ചെന്ന് അവരോട് മഹാസന്ദേശം അറിയിക്കാനും ജാഗ്രതയുള്ളവരും സന്നദ്ധരുമായിരിക്കണം. ആ സന്ദേശമാകട്ടെ 'ഞങ്ങൾ കർത്താവിനെ കണ്ടു' എന്നതാണ് ("നോവോ മില്ലേന്നിയോ ഇനേവുന്തേ", നമ്പർ59).

**എല്ലാവരോടും**

എല്ലാ ജനതകളും സുവിശേഷപ്രഘോഷണത്തിന്റെ സ്വീകർത്താക്കളാണ്. സഭ "പ്രകൃത്യാ പ്രേഷിതയാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പുത്രനെയും പരിശുദ്ധാത്മാവിനെയും അയച്ചുവെന്ന വസ്തുതയിൽ നിന്നാണ് അത് ഉദ്ഭവിച്ചത്" ("ആദ്ജെന്തെസ്", നമ്പർ 2). ഇത് "സഭയുടെ തനതായ സന്തോഷവും വിളിയുമാണ്, അവളുടെ ഏറ്റവും അഗാധമായ തനിമയാണ്. അവൾ നിലകൊള്ളുന്നത് സുവിശേഷവത്കരിക്കാനാണ് (പോൾ ആറാമൻ, "എവാഞ്ചെലീ നൂൺസ്യാന്തി", നമ്പർ 14). തത്ഫലമായി സഭയ്ക്ക് ഒരിക്കലും തന്നിൽ തന്നെ അടച്ചുപൂട്ടിയിരിക്കാൻ കഴിയുകയില്ല. അവൾ ചില സ്ഥലങ്ങളിൽ വേരുറപ്പിക്കുന്നത് ആ സ്ഥലങ്ങൾക്കപ്പുറത്തേക്ക് പോകാനാണ്. ക്രിസ്തുവിന്റെ വാക്കിനോട് ഉറ്റബന്ധം പുലർത്തുന്നതും അവിടത്തെ കൃപയുടെയും സ്നേഹത്തിന്റെയും സ്വാധീനത്തിൽ പെട്ടതുമാണ് സഭയുടെ പ്രവർത്തനം. അത് എല്ലാ മനുഷ്യർക്കും എല്ലാ ജനതകൾക്കും പൂർണമായും വസ്തുനിഷ്ഠമായും സന്നിഹിതമാക്കപ്പെടുന്നു. അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നയിക്കുന്നതിനാണത് (cf "ആദ്ജെന്തെസ്" നമ്പർ 5).

ഈ ദൗത്യത്തിന് അതിന്റെ അടിയന്തിര സ്വഭാവം നഷ്ടപ്പെട്ടിട്ടില്ല. നേരേമറിച്ച്, സഭയെ ഭരമേല്പിച്ചിരിക്കുന്ന രക്ഷകനായ ക്രിസ്തുവിന്റെ മിഷൻ ഇനിയും പൂർത്തിയായിട്ടില്ല... മനുഷ്യവംശത്തെ ആഗോളവ്യാപകമായി നോക്കിക്കാണുമ്പോൾ ഈ മിഷൻ ഇപ്പോഴും തുടക്കത്തിൽത്തന്നെ നില്ക്കുന്നുവെന്നു മനസ്സിലാകും. അതിന്റെ സേവനത്തിനായി നമ്മുടെ മുഴുവൻ ഊർജ്ജത്തോടും കൂടി നാം സ്വയം സമർപ്പിക്കണമെന്നും മനസ്സിലാകും (ജോൺ പോൾ രണ്ടാമൻ, "രക്ഷകന്റെ മിഷൻ" നമ്പർ 1). രണ്ടായിരം വർഷം കഴിഞ്ഞിട്ടും ക്രിസ്തുവിനെ അറിയാത്തവരും അവിടത്തെ രക്ഷാകരസന്ദേശം ശ്രവിക്കാത്തവരുമായ ജനതകൾ ഉണ്ട്. ഈ ചിന്തയുടെ മുമ്പിൽ നമുക്ക് നിഷ്ക്രിയരായിരിക്കാൻ സാധ്യമല്ല. ഇതുമാത്രമല്ല, സുവിശേഷപ്രഘോഷണം സ്വീകരിച്ചിട്ടും അതു മറക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നവരുടെ സമൂഹം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുതയുമുണ്ട്. അവർ സഭയിൽ പെട്ടവരായി തങ്ങളെത്തന്നെ കരുതുന്നില്ല. പരമ്പരാഗതമായ ക്രൈസ്തവസമൂഹങ്ങളിൽ പല സാഹചര്യങ്ങളിലും അവർ വിശ്വാസവചനത്തോട് തുറവു കാണിക്കുന്നുമില്ല. ഒരു സാംസ്കാരിക പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ആഗോളവത്കരണം അതിന് ഇന്ധനം നല്കികൊണ്ടുമിരിക്കുന്നു. ചില ചിന്താപ്രസ്ഥാനങ്ങളും പ്രബലപ്പെടുന്ന ആപേക്ഷികതാവാദവു(relativism) മാണ് ആ പരിവർത്തനത്തിന്റെ പിന്നിൽ. സുവിശേഷസന്ദേശം കൂടാതെ ജീവിക്കാൻ, ദൈവമില്ലെന്ന ഭാവത്തിൽ കഴിയാൻ, പ്രേരിപ്പിക്കുന്ന ഒരു മനോഭാവവും ജീവിതശൈലിയും ആ പരിവർത്തനത്തിന് ഇടയാക്കുന്നു. ധാർമ്മിക നിയമങ്ങളെ തള്ളിക്കളയുകപോലും ചെയ്തുകൊണ്ട് നേടുന്ന ക്ഷേമവും സുഖകരമായ സമ്പാദനവും തൊഴിലും വിജയങ്ങളും ജീവിതലക്ഷ്യമായി കരുതുന്നു.

**സകലരുടെയും സഹോത്തരവാദിത്വം**

സാർവത്രിക മിഷൻ എല്ലാവരെയും എല്ലാ വസ്തുക്കളെയും എപ്പോഴും ഉൾക്കൊള്ളുന്നു. സുവിശേഷം അതു സ്വീകരിച്ചവനു മാത്രമുള്ള നന്മയല്ല. അതു പങ്കു വയ്ക്കപ്പെടേണ്ട ദാനമാണ്. പകർന്നു നല്കേണ്ട സദ്വാർത്തയാണ്. ദാനം ചെയ്യാനുള്ള ഈ കടമ ചുരുക്കം ചിലരെ മാത്രം ഭരമേല്പിക്കപ്പെട്ടതല്ല. ഇത് മാമ്മോദീസ സ്വീകരിച്ച സകലരുടെയും കടമയാണ്. മാമ്മോദീസ സ്വീകരിച്ചവർ അവിടത്തെ വിസ്മയനീയ കൃത്യങ്ങൾ പ്രഘോഷിക്കാൻ വേണ്ടി "തിരഞ്ഞെടുക്കപ്പെട്ട ജനമാണ്, വിശുദ്ധ ജനമാണ്, ദൈവത്തിന്റെ തന്നെ ജനമാണ്" (1 പത്രോ 2:9).

എല്ലാ പ്രവർത്തനങ്ങളെയും അതിൽ ഉൾക്കൊള്ളുന്നു, സഭ ലോകത്തിൽ നടത്തുന്ന സുവിശേഷവത്കരണ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യുകയെന്നത് ചുരുക്കം ചില നിമിഷങ്ങളിലോ സന്ദർഭങ്ങളിലോ ഒതുക്കി നിറുത്താൻ പാടില്ല. അനേകം അജപാലനപ്രവർത്തനങ്ങളിൽ ഒന്നുമാത്രമായി കരുതാനും പാടില്ല. സഭയുടെ മിഷണറിമാരും സാരാംശപരമായിട്ടുള്ളതാണ്. അതുകൊണ്ട് അത് എല്ലായ്പ്പോഴും സന്നിഹിതമായി സൂക്ഷിക്കണം. അതുകൊണ്ട്, മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും സഭാസമൂഹവും വല്ലപ്പോഴും മാത്രം പ്രേഷിതവേലയിൽ താത്പര്യം കാണിച്ചാൽ പോരാ. ആ താത്പര്യം സ്ഥിരമായിരിക്കണം. അത് ക്രൈസ്തവ ജീവിതരീതിപോലെയായിരിക്കണം. മിഷൻ ദിവസം ഒരു വർഷത്തിലെ ഒറ്റപ്പെട്ട ഒരു നിമിഷമായിരിക്കരുത്. പിന്നെയോ പ്രേഷിതത്വത്തിനുള്ള വിളിയോട് നാം എങ്ങനെ പ്രത്യുത്തരിക്കുന്നുവെന്ന് ചിന്തിക്കാനുള്ള ഓരു നിമിഷമായിരിക്കണം. സഭയുടെ ജീവിതത്തിനു വേണ്ടിയുള്ള സാരാംശപരമായ ഒരു പ്രത്യുത്തരമായിരിക്കണം.

**ആഗോള സുവിശേഷവത്കരണം**

സുവിശേഷവത്കരണം ഒരു സങ്കീർണ പ്രക്രിയയാണ്. അതിൽ പല ഘടകങ്ങളുമുണ്ട്. അവയിൽ, മിഷണറി പ്രചോദനത്തെ സംബന്ധിച്ചിടത്തോളം, ഐക്യദാർഢ്യത്തിനു പ്രത്യേകമായ ശ്രദ്ധ നല്കിയിരുന്നു. ലോക മിഷൻ ഞായറിന്റെ ലക്ഷ്യങ്ങളിൽ ഒരെണ്ണവുമാണത്. അതനുസരിച്ച്, മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണത്തിന്റെ കടമകൾ നിർവഹിക്കുന്നതിന് പേപ്പൽ മിഷണറി അസോസിയേഷനുകൾ വഴി സഹായം അഭ്യർത്ഥിക്കുന്നു. ഉപദേശികൾ, സെമിനാരികൾ, വൈദികർ എന്നിവർ വഴി സഭ സ്ഥാപിക്കാനും സ്ഥിരീകരിക്കാനും അത്യാവശ്യമായിരിക്കുന്ന സ്ഥാപനങ്ങളെ പിന്താങ്ങാനുള്ള ഒരു ശ്രമം നടത്തുന്നു. മാത്രമല്ല, ദാരിദ്ര്യം, പോഷകാഹാരക്കുറവ്, പ്രത്യേകിച്ച് കുട്ടികളിലുള്ളത്, രോഗങ്ങൾ, ആരോഗ്യപാലന-വിദ്യാഭ്യാസ സേവനങ്ങളുടെ അഭാവം എന്നിവ തീവ്രമായി അനുഭവപ്പെടുന്ന രാജ്യങ്ങളിലെ വ്യക്തികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള സംഭാവന നല്കാനും പരിശ്രമിക്കുന്നുണ്ട്. ഇതും സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ പെടുന്നു.

സഭ സുവിശേഷം പ്രഘോഷിക്കുമ്പോൾ മനുഷ്യജീവിതത്തെ അതിന്റെ പൂർണമായ അർത്ഥത്തിൽ ഗൗരവപൂർവം പരിഗണിക്കുന്നു.

മനുഷ്യസമുദ്ധാരണം, നീതി, എല്ലാത്തരത്തിലുമുള്ള ഞെരുക്കത്തിൽ നിന്നുള്ള വിമോചനം വ്യക്തമായും രാഷ്ട്രീയമണ്ഡലത്തിലെ സ്വാതന്ത്ര്യം എന്നീ വിഷയങ്ങൾ സുവിശേഷവത്കരണത്തിൽ അവഗണിക്കുകയെന്നത് അസ്വീകാര്യമാണെന്ന് ദൈവദാസനായ പോൾ ആറാമൻ മാർപാപ്പ ആവർത്തിച്ച് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. മനുഷ്യവംശത്തിന്റെ ഭൗതികപ്രശ്നങ്ങളോടു നിസ്സംഗത പുലർത്തുകയെന്നത് "സഹിക്കുന്നവനും ആവശ്യത്തിൽപെട്ടവനുമായ നമ്മുടെ അയൽക്കാരനോടുള്ള സ്നേഹത്തെ സംബന്ധിച്ച് സുവിശേഷത്തിൽ നിന്നു നമുക്കു ലഭിച്ച സന്ദേശത്തെ മറന്നുകളയലാണ്" ("എവാഞ്ചെലീ നൂൺസ്യാന്തി" നമ്പർ 31). അത് യേശുവിന്റെ പെരുമാറ്റത്തിനു ചേർന്നതല്ല. അവിടന്ന് "അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു" (മത്താ 9:35).

അങ്ങനെ, സഭയുടെ മിഷനിൽ സഹോത്തരവാദിത്വപരമായ ഭാഗഭാഗിത്വം വഴി ക്രൈസ്തവൻ ക്രിസ്തു നമുക്കു നല്കിയ സംസർഗത്തിന്റെയും സമാധാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സ്രഷ്ടാവായിത്തീരുന്നു. മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിൽ സഹകരിക്കുകയും ചെയ്യുന്നു. അതു നേരിടുന്ന വെല്ലുവിളികൾ ക്രൈസ്തവർ മറ്റുള്ളവരോടൊപ്പം നടക്കണമെന്നും മിഷൻ എന്നത് ഈ പാതയുടെ ഒരു മൗലിക ഘടകമായിരിക്കണമെന്നും വ്യക്തമാക്കുന്നു. അതിൽ നാം നമ്മുടെ ക്രൈസ്തവവിളിയെ, സുവിശേഷമെന്ന അമൂല്യനിധിയെ, കളിമൺപാത്രത്തിലാണെങ്കിലും വഹിക്കുന്നു. മരിച്ച് ഉത്ഥാനം ചെയ്ത, സഭയിൽ കണ്ടുമുട്ടപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം നാം നിർവഹിക്കുന്നു. എല്ലാവർക്കുമായി ക്രിസ്തുവിനെ വഹിച്ചുകൊണ്ട് മനുഷ്യവംശത്തെ കണ്ടുമുട്ടാൻ വേണ്ടി "പോകുന്നതിനുള്ള" ആഗ്രഹവും അതിലുള്ള സന്തോഷവും ഈ ലോകമിഷൻ ഞായർ പുനരുജ്ജീവിപ്പിക്കട്ടെ. അവിടത്തെ നാമത്തിൽ എല്ലാവർക്കും, പ്രത്യേകിച്ച് സുവിശേഷത്തിനു വേണ്ടി കഠിനാധ്വാനം ചെയ്യുകയും സഹിക്കുകയും ചെയ്യുന്നവർക്ക്, ഞാൻ ഹൃദയപൂർവം അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽനിന്ന്

**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

# മേജർ ആർച്ചുബിഷപ്പിന്റെ സന്ദേശം

*അഭിവന്ദ്യ പിതാവേ, പ്രിയ ബഹു. വൈദിക സഹോദരന്മാരേ, സമർപ്പിത സഹോദരരേ, അല്മായ സഹോദരീസഹോദരന്മാരേ, യുവാക്കളേ, കുഞ്ഞുമക്കളേ,*

രണ്ട് സന്ദർഭങ്ങളിലായി ഇരിങ്ങാലക്കുട രൂപത സന്ദർശിക്കുവാൻ അവസരം ലഭിച്ചതിൽ അതീവ സന്തുഷ്ടിയോടെ ഞാൻ ദൈവത്തിന് നന്ദി പറയുന്നു. ഒന്നാമത്തേത് ആഗസ്റ്റ് 21-ാം തിയ്യതി ഞായറാഴ്ച പ്രേഷിതവർഷത്തിന്റെ സഭാതല ഉദ്ഘാടനം കൊടുങ്ങല്ലൂരിൽവച്ച് നടന്ന സന്ദർഭമാണ്; രണ്ടാമത്തേത് ഇരിങ്ങാലക്കുടയിൽ നടന്ന അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷത്തിന്റെ സന്ദർഭവും. ഈ രണ്ട് സന്ദർഭങ്ങളിലും ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിൽ നിങ്ങൾ നൽകിയ സ്നേഹോഷ്മളമായ സ്വീകരണത്തിനും അർത്ഥവത്തായ കർമ്മപരിപാടികളുടെ ആസൂത്രണത്തിനും നിങ്ങളോടുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊള്ളുന്നു. കൊടുങ്ങല്ലൂരിൽ സെന്റ് മേരീസ് പള്ളിയുടെയും രൂപതയുടെയും പേരിൽ സംഘടിക്കപ്പെട്ട വി. കുർബാനയുടെ ആഘോഷവും പൊതുസമ്മേളനവും എല്ലാവിധത്തിലും ആത്മീയ അനുഭൂതി പകരുന്നതും കൂട്ടായ്മ പരിപോഷിപ്പിക്കുന്നതുമായിരുന്നു. അന്ന് വിശ്വാസതീക്ഷ്ണതയോടും ഭക്തി തീവ്രതയോടും ജനങ്ങൾ എല്ലാവരും പരിപാടികളിൽ സംബന്ധിച്ചിരുന്നു.

അഴീക്കോട് മാർതോമാഭവനത്തിലെ തിരുശേഷിപ്പ് വന്ദനവും തുടർന്നുള്ള സമ്മേളനവും ഹൃദയസ്പൃക്കായിരുന്നു. അന്നേദിവസം ചേരമാൻ മസ്ജിദ് സന്ദർശിക്കുവാൻ സാധിച്ചതും അവിടുത്തെ മതാധികാരികളുമായി സൗഹാർദ്ദസന്ദേശങ്ങൾ കൈമാറാനും പരസ്പരം സമ്മാനങ്ങൾ കൊടുക്കുവാനും കഴിഞ്ഞതും മതസൗഹാർദ്ദം വളർത്തുവാൻ നിശ്ചയമായും ഉപകരിച്ചിട്ടുണ്ടാകണം.

ഈ സംഭവങ്ങളെല്ലാം നമ്മുടെ സഭയിലെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരുടെയും സാന്നിധ്യത്തിലും കൂട്ടായ്മയിലും നടന്നുവെന്നുള്ളത് ഇവയുടെ ചരിത്രപരമായ പ്രാധാന്യം വിളിച്ചറിയിക്കുന്നു. അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമമെത്രാൻ എന്ന നിലയിലും രണ്ടുവർഷം നമ്മുടെ സഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ അസിസ്റ്റന്റ് എന്ന നിലയിലും ചെയ്ത സേവനങ്ങൾ എത്രയോ അഭിനന്ദനീയങ്ങളാണ് എന്നത് ഇരിങ്ങാലക്കുടയിലെ കുർബാ

നമധ്യേയുള്ള പ്രസംഗത്തിൽ ഞാൻ വ്യക്തമാക്കിയതാണല്ലോ. ഇരിങ്ങാലക്കുട രൂപതയും സഭയും വളർച്ചയുടെ പാതയിൽ മുന്നേറുവാൻ അദ്ദേഹത്തിന്റെ സേവനങ്ങൾ അത്യന്തം ഉപകരിച്ചു. രൂപതയിലെ വൈദികഗണം അദ്ദേഹത്തോട് പൂർണ്ണമായി സഹകരിച്ച് കഠിനാദ്ധ്വാനം ചെയ്ത് പള്ളികളും സ്ഥാപനങ്ങളും പടുത്തുയർത്തി. ദൈവജനത്തെ കൂട്ടായ്മയിൽ പരിപോഷിപ്പിച്ച് ഒരു മാതൃകാരൂപതയാക്കി എന്നതിൽ പിതാവിനെയും വൈദികരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ ജൂബിലി ആഘോഷിക്കുവാൻ സംഘടിപ്പിക്കപ്പെട്ട സമ്മേളനം രൂപതയുടെ കുടുംബചൈതന്യം പ്രകാശിപ്പിക്കുന്നതായിരുന്നു.

അഭിവന്ദ്യ പിതാവിന്റെ ജൂബിലിയോടനുബന്ധിച്ച് രൂപതയിലെ മൈനർ സെമിനാരിയും മാർതോമാ സെന്ററും വാഴ്ത്തപ്പെട്ട മറിയംത്രേസ്യയുടെ കബറിടവും ചാലക്കുടി സെന്റ് മേരീസ് ഫൊറോന ദേവാലയവും സന്ദർശിക്കാൻ സാധിച്ചത് ദൈവാനുഗ്രഹത്തിന്റെ അനുഭവമായി കാണുന്നു. ആളൂർ ബി.എൽ.എം. സെന്ററിനോടനുബന്ധിച്ചുള്ള മാർതോമാ സെന്ററിനെ രൂപതയുടെ അജപാലനത്തിന്റെയും സാമൂഹ്യക്ഷേമകാരുണ്യ പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമാക്കി മാറ്റുവാൻ അഭിവന്ദ്യ പിതാക്കന്മാരും ജനറാളച്ചന്മാരും കാണിച്ച ദർശനസവിശേഷതയെ സ്നേഹപൂർവ്വം അഭിനന്ദിക്കട്ടെ.

രണ്ട് സന്ദർശനങ്ങളിലും രൂപതയുടെ ഉദാരത പ്രകടമാക്കുന്ന രീതിയിൽ മിഷൻ പ്രവർത്തനത്തിനും കാരുണ്യ പ്രവർത്തനങ്ങൾക്കുമായി സംഭാവന നൽകുവാൻ നിങ്ങൾ കാണിച്ച സന്മനസിന് ഒരായിരം നന്ദി. കൊടുങ്ങല്ലൂരിൽവച്ച് മിഷൻ രൂപതകളെ സഹായിക്കുന്ന 50 ലക്ഷം രൂപയുടെ ഫണ്ട് സമാഹരണം ഉദ്ഘാടനം ചെയ്യപ്പെട്ടു. ജൂബിലി ആഘോഷ വേളയിൽ രൂപതയുടെയും ചാലക്കുടി ഫൊറോന പള്ളിയുടെയും ആഭിമുഖ്യത്തിൽ സമാഹരിച്ച 1 ലക്ഷത്തിലേറെ തുക സഭയുടെ മിഷൻ ഫണ്ടിലേക്ക് നിങ്ങൾ സംഭാവന ചെയ്തു. നിങ്ങളുടെ സഭാത്മകമായ ഈ സഹകരണത്തിന് ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. രണ്ട് സന്ദർഭങ്ങളിലും എല്ലാ പരിപാടികളും അർത്ഥപൂർണ്ണമായി സംഘടിപ്പിച്ചതിനും വിജയകരമായി നടത്തിയതിനും അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിനെയും വികാരി ജനറാൾമാരെയും ദൈവജനം മുഴുവനെയും അനുമോദിക്കുകയും ഏവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട്,

**+ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭാ മേജർ ആർച്ചുബിഷപ്പ്

# മതബോധനം

1 **അർദ്ധവാർഷിക പരീക്ഷ**
ഒക്ടോബർ 2 ഞായർ STD VIII - XII, ഒക്ടോ. 9 ഞായർ STD I -VII

2 **പ്രൈവറ്റ് രജിസ്ട്രേഷൻ**
STD XI-XII കുട്ടികൾക്കുള്ള മൂന്ന് ദിവസത്തെ Contact ക്ലാസ്സിലെ ആദ്യത്തെ ക്ലാസ്സ് ഒക്ടോബർ 26 ബുധനാഴ്ച രാവിലെ 9 മുതൽ 4 വരെ ഉണ്ടായിരിക്കും. ഉച്ചഭക്ഷണം കൊണ്ടുവരേണ്ടതാണ്.

3 **പ്രാർത്ഥനാദിനം :** ആളൂർ ബി.എൽ.എം-ൽ വച്ച് നടക്കുന്ന ഗുരുദർശൻ മതാദ്ധ്യാപക പ്രാർത്ഥനാദിനത്തിനുള്ള രജിസ്ട്രേഷൻ നവംബർ 1 മുതൽ 30-ാം തിയ്യതിവരെ. ഫീസ് 25 രൂപ.

5 **STD X - XII വാർഷിക പരീക്ഷ രജിസ്ട്രേഷൻ :** രജിസ്ട്രേഷൻ നവംബർ 2 മുതൽ 29 വരെ ആയിരിക്കും. ഒക്ടോബർ 30 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ 80% ഹാജരും അർദ്ധവാർഷിക പരീക്ഷക്ക് 35% മാർക്കും, ഉള്ളവരുടെ പേരുകളായിരിക്കണം രജിസ്റ്റർ ചെയ്യേണ്ടത്. ഈ വർഷം മുതൽ Online Registration ആയിരിക്കും. കൂടുതൽ വിവരങ്ങൾ അടുത്ത മാസത്തെ ബുള്ളറ്റിനിൽ നൽകുന്നതാണ്.

7 **ലോഗോസ് ക്വിസ് :** ലോഗോസ് ക്വിസ് പരീക്ഷയിൽ പങ്കെടുത്തവർക്കും പരീക്ഷ നടത്തിപ്പിന് സഹായിച്ച എല്ലാവർക്കും പ്രത്യേകം നന്ദി. ഒക്ടോബർ 5, 6 തിയ്യതികളിൽ രാവിലെ 9 മണിക്ക് ലോഗോസ് ക്വിസ് പരീക്ഷയുടെ ഉത്തരക്കടലാസുകൾ നോക്കുന്നതിനായി ഓരോ ഇടവകയിൽനിന്നും രണ്ട് അദ്ധ്യാപകരെയെങ്കിലും വിദ്യാജ്യോതിയിലേയ്ക്ക് വിടണമെന്ന് താല്പര്യപ്പെടുന്നു.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ



## സ്മരണാഞ്ജലി

റവ. ഫാ. എഫ്രേം പുതുശ്ശേരി : 04-10-1980
റവ. ഫാ. അബ്രാഹം കിഴക്കൂടൻ (Sr.): 08-10-1982
റവ. ഫാ. പോൾ പുല്ലോക്കാരൻ : 05-10-1988
റവ. ഫാ. ജോൺ ചാലിശ്ശേരി: 18-10-1999

# സഭാവാർത്തകൾ

1 **നവസുവിശേഷവൽക്കരണത്തിന് സഭക്കാർ ഒന്നിക്കണം.**

മുൻ കത്തോലിക്കാ രാഷ്ട്രങ്ങളിൽ നവസുവിശേഷവൽക്കരണം നടത്തുന്നതിന് കത്തോലിക്കരും ഓർത്തഡോക്സ് സഭയും ഒന്നിച്ചു പ്രവർത്തിക്കണമെന്ന് ബെനഡിക്ട് 16-ാമൻ മാർപാപ്പ വി. പൗലോസിന്റെ അതേ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന സുവിശേഷ പ്രഘോഷകരെയാണ് ആധുനിക ലോകത്ത് നവസുവിശേഷവൽക്കരണത്തിന് ആവശ്യമെന്ന് മാർപാപ്പ 12-ാമത് ഇന്റർ ക്രിസ്ത്യൻ സിംബോസിയത്തിന് അയച്ച സന്ദേശത്തിൽ പറഞ്ഞു. "ആധുനിക ലോകത്തിന് സഭയുടെ സാക്ഷ്യം" എന്നതായിരുന്നു ചർച്ചാവിഷയം. സെക്കുലറൈസേഷന്റെ അതിപ്രസരം മനുഷ്യന്റെ ആത്മീയ വരങ്ങളെ തകർക്കുന്നതിനാൽ ആധുനിക ലോകത്തിൽ നവസുവിശേഷവൽക്കരണം അനിവാര്യമാണെന്ന് മാർപാപ്പ ഉദ്ബോധിപ്പിച്ചു.

2 **സ്നേഹത്തിൽ അണി ചേരുക CBCI**

രാജ്യത്തെ ഭീതിയിലാഴ്ത്തിയ ഡൽഹി ഹൈക്കോടതി ബോംബാക്രമണത്തിൽ CBCIയും കത്തോലിക്കാ സഭാനേതൃത്വവും വേദനയും ഉൽക്കണ്ഠയും അറിയിച്ചു. മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ തങ്ങളും പങ്കു ചേരുന്നതായി സഭാനേതാക്കൾ ഡൽഹിയിൽ പുറത്തിറക്കിയ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

3 **ബിഷപ്പ് ഡോ. പീറ്റർ തുരുത്തിക്കോണം ദിവംഗതനായി.**

വിജയപുരം രൂപതയുടെ മുൻ അദ്ധ്യക്ഷനും രൂപതയുടെ പ്രഥമ ദേശീയ മെത്രാനുമായ ഡോ. പീറ്റർ തുരുത്തിക്കോണം ഈയിടെ വിശ്രമജീവിതം നയിച്ചുവരവെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

4 **മാർ ചേനോത്ത് ജപ്പാനിൽ സ്ഥാനപതി.**

ആർച്ചുബിഷപ്പ് മാർ ജോസഫ് ചേനോത്തിനെ ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതിയായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നിയമിച്ചു.

5 **മലങ്കര കത്തോലിക്കേറ്റ്**

സീറോമലങ്കര മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പുതിയ കത്തോലിക്കേറ്റ് മന്ദിരത്തിന്റെ ആശീർവ്വാദം, പുനരൈക്യദിനാചരണം, പ്രഥമ സഭാ അസംബ്ലി എന്നിവ വിപുലമായ പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടു. പരിപാടികൾക്ക് മേജർ ആർച്ചുബിഷപ്പ് ബെസേലിയോസ് മാർ ക്ലീമിസ് കത്തോലിക്കാ ബാവ നേതൃത്വം നൽകി.

**റവ. ഡോ. ആന്റണി മഞ്ഞളി**

## ബ്ലസ് എ ഹോം
## ഒരു വീടിനെ അനുഗ്രഹിക്കൂ.

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 700 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗിലേക്ക് ഇപ്പോൾ 45,47,000 രൂപ നൽകിയിട്ടു ്. ഇവർക്ക് രൂപ എടുക്കുവാനുള്ള സൗകര്യാർത്ഥം 3 മേഖലകളിലായി ബ്ലസ് എ ഹോം ഓഫീസുകൾ ആരംഭിച്ചു. ഇരിങ്ങാലക്കുട മേഖലയിൽ ബിഷപ്സ് ഹൗസിലെ ഓഫീസിൽ സി. ഷീൻ റോസ് FCC, ചാലക്കുടി മേഖലയിൽ ചാലക്കുടി ഫൊറോന പള്ളിയിലെ ഓഫീസിൽ സി. അർപ്പിത CHF, മാള മേഖലയിൽ മാള ഫൊറോന പള്ളിയിലെ ഓഫീസിൽ സി. ലീമ CMC എന്നീ സിസ്റ്റേഴ്സിന്റെ സേവനം ലഭിക്കുന്നു. ബ്ലസ് എ ഹോമിന്റെ തുടക്കംമുതൽ ഒരു വർഷക്കാലം വളരെ ശ്രദ്ധയോടെ, ആത്മാർത്ഥതയോടെ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച സി. ജെസീന CMCക്ക് ബ്ലസ് എ ഹോമിന് ചെയ്ത എല്ലാ സേവനങ്ങൾക്കും പ്രത്യേകം നന്ദിയും കടപ്പാടും അറിയിക്കുന്നു.

### സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | Mr. Shaju Rapheal, Kalathuparambil, Velayanad | 12,000 |
| 2 | Mr. E.M. Jose, Edappilly, Kottanellur | 5,000 |
| 3 | Mr. P.L. Thoman, Thomson group, Punneliparambil, Kombodinjamkkal | 7,00,000 |
| 4 | Mrs. Sherin & Stella, Ukken House, Kodungallur | 12,000 |
| 5 | Vicar & Parishioners, St. Joseph's Church, Veeranchira | 40,000 |
| 6 | Sister Superior & Community, Carmelgiri Convent, Veeranchira | 5,000 |
| 7 | Inner Wheel Club, Chalakudy | 5,000 |
| 8 | St. Mary's Church, Kattoor, Box Collection | 17,870 |
| 9 | Mr. Nobin Stanly, Mala | 6,000 |
| 10 | Mrs. Glory Sunny, Mala | 7,000 |
| 11 | Mrs. Namitha Antony, Mala | 6,000 |
| 12 | Mrs. Omana P.D., Mala | 7,000 |
| 13 | Palathingal Poulose Jose, Kattoor | 22,000 |

| | | |
|---|---|---|
| 14 | Mr. Joseph Martin, Alengadan House, Irinjalakuda | 12000 |
| 15 | Vicar & Parishioners, St. Antony's Church, Vasupuram | 5,000 |
| 16 | Mr. Johnson K.K., Kanjiraparambil, Velayanad | 12,000 |
| 17 | Mr. Mithun Dev, S/o. P.C. Cherian Palathingal, Kattoor | 12,000 |
| 18 | Mr. V.M. Jose, Valiyaveetil House, Ashtamichira | 12,000 |
| 19 | Vicar & Parishioners, St. Mary's Church, Thazhur | 25,000 |
| 20 | Vicar & Parishioners, St. Joseph's Church, Thuravankunnu | 25,000 |
| 21 | Engineer Stanly, Irinjalakuda | 10,000 |
| 22 | Mr. Nikhil S/o., P.C. Cherian Palathingal, Kattoor | 12,000 |
| 23 | Mr. Peter Antony Kombarakaran, Kattoor | 43,000 |
| 24 | Mr. Paulson Varoky, Aripalam | 5,000 |
| 25 | Pullokaran John Paul, Parappukara | 8,000 |
| 26 | Nova Marketing, Parappukara | 12,000 |
| 27 | Vicar & Parishioners, St. Thomas Church, Pillapara | 5,000 |
| 28 | Mr. Biju Joseph Pulickaserry, Kuruvilassery, Mala | 15,000 |
| 29 | Kuthokaran Antony John, Parappukara | 12,000 |
| 30 | Mr. George K.K. Karathrakaran, Irinjalakuda | 15,000 |
| 31 | Mr. M.C. Paul, Mambilly House, Irinjalakuda | 1,00,000 |
| 32 | Mr. E.V. Paul, Edappilly House, Kottanellur | 5,000 |
| 33 | Vicar & Parishioners, St. Francis Xavier's Church, Xaviyur | 30,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**
മാനേജിംഗ് ട്രസ്റ്റി

## വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയുടെ ജന്മഗൃഹത്തിന്റെ ആശീർവ്വാദകർമ്മം

വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയുടെ ജന്മദേശമായ എടത്തിരുത്തിയിൽ പുനർനിർമ്മിച്ച ജന്മഗൃഹത്തിന്റെ ആശീർവ്വാദകർമ്മം **2011 ഒക്ടോബർ 16-ാം തിയ്യതി** ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് നിർവ്വഹിക്കപ്പെടുന്നു. CMC ഉദയ പ്രൊവിൻസിന്റെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട ഈ ഭവനത്തിൽവച്ച് എവുപ്രാസ്യമ്മയുടെ ജന്മദിനാചരണവും നടത്തപ്പെടുന്നു.

## സെൻ്റ് പോൾസ് മൈനർ സെമിനാരി

1. ഇംഗ്ലീഷ് സാഹിത്യ സമാജ മീറ്റിംഗിൽ പ്രൊഫ. ഇ. ടി. ജോൺ (റിട്ട. എച്ച് ഒ. ഡി, ഇംഗ്ലീഷ്, ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട) അദ്ധ്യക്ഷത വഹിച്ചു.
2. കൊടുങ്ങല്ലൂർ പ്രേഷിതവർഷ ഉദ്ഘാടനച്ചടങ്ങിൽ സെമിനാരി കുടുംബം പങ്കെടുത്തു.
3. അഷ്ടമിച്ചിറ വിയാനി ഹോം, ചാലക്കുടി സെൻ്റ് ജോസഫ് ഭവൻ എന്നിവ സന്ദർശിച്ച് വാർദ്ധക്യത്തിലും രോഗാവസ്ഥയിലും കഴിയുന്ന വൈദികരുമായി കൂടിക്കാഴ്ച നടത്തുകയും അവരുടെ അജപാലനാനുഭവങ്ങൾ മനസ്സിലാക്കുകയും ചെയ്തു.
4. വൈദിക വിദ്യാർത്ഥികളുടെ പാദ വാർഷികപരീക്ഷ കഴിഞ്ഞു.
5. ഓണാഘോഷ പരിപാടിയിൽ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവും മാർ ജെയിംസ് പിതാവും സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു.
6. സെപ്തംബർ 2-ന് ഓണാവധി ആരംഭിച്ചു. 9-ന് വൈദികവിദ്യാർത്ഥികൾ തിരിച്ചെത്തി.
7. മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവ് സെപ്തംബർ 10-ന് സെമിനാരി സന്ദർശിച്ച് സെമിനാരി കുടുംബാംഗങ്ങൾ ഒന്നിച്ച് പ്രാതൽ കഴിച്ചു, ഉപദേശം നൽകി. പുതിയ കമ്പ്യൂട്ടർ ലാബ് ആശീർവ്വദിച്ച് ഉദ്ഘാടനം ചെയ്തു.
8. സെപ്തംബറിൽ മാസധ്യാനചിന്തകൾ നൽകി ആരാധന നയിച്ചത് ബഹു. ജിജോ വാകപ്പറമ്പിലച്ചനാണ്.
9. മലയാളം സാഹിത്യസമാജ മീറ്റിംഗിൽ അഗളി എസ്. ഐ. ശ്രീ. സേവ്യർ പള്ളിപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു.

**സാമ്പത്തിക സഹായം നൽകിയവർ**

1. ശ്രീ. ജോസ് ചാക്കു തേക്കാനത്ത് കാട്ടൂക്കാരൻ, ചിറക്കൽ
2. ശ്രീ. പാപ്പച്ചൻ & ശ്രീമതി മിലി തുരുത്തിക്കര, പേരാമ്പ്ര
3. ശ്രീമതി ലൂസി ഫ്രാൻസിസ് പെരുമാട്ടേൽ, ഇരിങ്ങാലക്കുട
4. ബിഷപ്പ് ജെയിംസ് പഴയാറ്റിൽ ഗോൾഡൻ ജൂബിലി മെമ്മോറിയൽ, Sponsored by a Priest
5. ശ്രീ. എ.ജി. ഡോണി അക്കരക്കാരൻ, ഇരിങ്ങാലക്കുട S/o Adv. A.P. George, Akkarakkaran
6. ശ്രീ. സി.വി. വർഗ്ഗീസ് ചക്കാലമറ്റത്ത്, പഴൂക്കര.
7. ശ്രീമതി മേഘ ലിജോ, കൊമ്പൻ നെല്ലിശ്ശേരി, ഇരിങ്ങാലക്കുട

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

## സോഷ്യൽ ആക്ഷൻ

1 ദേശീയ രക്തദാനദിനമായ ഒക്ടോബർ 1-ന് രാവിലെ 10 മണിക്ക് സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് ദിനാചരണത്തിന്റെയും രക്തദാനയത്നത്തിന്റെയും ഉദ്ഘാടനം മാർ പോളി കണ്ണൂക്കാടൻ നിർവ്വഹിക്കുന്നു.

2 03. 10. 2011 Wings പദ്ധതിയുടെ ഭാഗമായി സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് പൊതുമേഖലാ ബാങ്ക് ടെസ്റ്റ് Crash Coaching Programme ഉദ്ഘാടനം രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ നിർവ്വഹിക്കുന്നു.

3 08. 10. 2011 ഉച്ചതിരിഞ്ഞ് 2 മുതൽ 4 വരെ സോഷ്യൽ ഫോറം ഓഡിറ്റോറിയത്തിൽവച്ച് മഴവില്ല് പദ്ധതിയുടെ ഭാഗമായി Week-end coaching teachers meeting.

4 സോഷ്യൽ ആക്ഷൻ ഫോറം ജനറൽ ബോഡിയുടെ (2009-2011) കാലാവധി ഡിസംബർ 31-ന് തീരുകയാണ്. പ്രാദേശിക ഇടവക യൂണിറ്റുകളിൽനിന്നും 2012-14 കാലഘട്ടത്തേക്കുള്ള ജനറൽ ബോഡിയിൽ അംഗങ്ങളാകേ കോ-ഓർഡിനേറ്റേഴ്സിനെ ഇടവക തലത്തിൽ തെരഞ്ഞെടുത്ത് സോഷ്യൽ ആക്ഷൻ ഓഫീസിൽ അറിയിക്കേ അവസാന തിയ്യതി നവംബർ 24 ആണ്.

5 ഒക്ടോബർ 29 രാവിലെ 10 മുതൽ 4 വരെ 'ദീപിക'യുമായി സഹകരിച്ച് സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് ഏകദിന ജൈവകൃഷി പഠനശിബിരവും ജൈവകാർഷിക ക്ലബുകളുടെ ഉദ്ഘാടനവും.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

---

## പാക്സ്

1 **പ്രീ - കാന :** ഒക്ടോബർ : 10, 11, 12; 24, 25, 26; 31
നവംബർ : 1, 2

2 **കാത്തലിക് ലേബർ മൂവ്മെന്റ് :** ഒക്ടോബർ 3

3 **പ്രൊലൈഫ് ഫോർമേഷൻ ക്യാമ്പ് :** ഒക്ടോബർ 7, 8, 9

**ഫാ. പോളി പടയാട്ടി**
ഡയറക്ടർ

## സംഘടനാവാർത്തകൾ

## അവാർഡ്

**I Research &Training Department.**

1 **അർദ്ധവർഷ സെമിനാറും പരിശീലന പരിപാടികളും** അളഗപ്പ ത്യാഗരാജൻ പോളിടെക്നിക് കോളേജിന്റെ സാങ്കേതിക സഹകരണത്തോടെ കൊടകര-ആളൂർ പഞ്ചായത്തിന്റെ കാർഷിക സുസ്ഥിതിയും ഭക്ഷ്യസുരക്ഷയും ലക്ഷ്യംവെച്ചു കൊണ്ട് 6 മാസത്തെ കാർഷിക പരിശീലന പരിപാടി പുൽപ്പാറക്കുന്ന് ആവേ മരിയ TTI കോളേജിൽവച്ച് നടത്തപ്പെടുന്നു.

**II Community Based Rehabilitation Programme**

1 **Physio-Speech Therapy:-** തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ അവാർഡിൽ ഫിസിയോ തെറാപ്പിയും സ്പീച്ച് തെറാപ്പിയും നടത്തുന്നു.

2 **Awareness Class :-** അവാർഡിന്റെ നേതൃത്വത്തിലുള്ള SARGA അംഗങ്ങൾക്കായി ലോകബധിര ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ സെമിനാർ നടത്തുന്നു.

**III Community Based Organisation**

1 **Elders day celebration :** അതിരപ്പിള്ളി, കോടശ്ശേരി, മറ്റത്തൂർ, പരിയാരം, വരന്തരപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെയും ദേശംവികസന സംഘടനകളിലെ എൽഡേഴ്സ് ക്ലബ്ബുകൾ ലോക വൃദ്ധദിനം ഒക്ടോബർ 1-ന് ആചരിക്കുന്നു.

2 **ഗാന്ധിജയന്തി :** അവാർഡിന്റെ കീഴിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലെ ദേശംവികസന സംഘടനകളിലെ ചിൽഡ്രൻസ് ക്ലബ്ബുകൾ, മഹിളാ പുരുഷഗണങ്ങൾ ഗാന്ധിജയന്തിയും സേവനദിനവും ഒക്ടോബർ 2-ന് ആചരിക്കുന്നു.

**III Agriculture Dept.**

1 **Ozone day celebration** : പുത്തുക്കാവ്-കാരത്തോട് നീർത്തട പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് കൊടകര കമ്മ്യൂണിറ്റിഹാളിൽവച്ച് വിവിധ പരിപാടികളോടെ ഓസോൺദിനം ആചരിക്കുന്നു.

2 **Participatory Rural Appraisal-PRA :** വേളൂക്കര പുത്തൻചിറ ഗ്രാമ പഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന അരീക്കൽതോട് നീർത്തട പദ്ധതി പ്രദേശത്ത് "പങ്കാളിത്താധിഷ്ഠിത ഗ്രാമപഠനം" അവാർഡ് നടത്തുന്നു.

3 **Nano Group Formation :** അരീക്കൽതോട് നീർത്തട പദ്ധതി പ്രദേശത്ത് ചെറുനീർത്തടാടിസ്ഥാനത്തിൽ 'നാനോ സമിതികൾ' രൂപീകരിക്കുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ.

## കെ.സി.വൈ.എം.

1. രൂപത KCYM-ന്റെ ആഭിമുഖ്യത്തിൽ കനകമല KCYM-ന്റെ ആതിഥേയത്വത്തിൽ രൂപത തലത്തിൽ വനിതാദിനം കനകമല പള്ളിയിൽവെച്ച് ഒക്ടോബർ 26 ബുധനാഴ്ച രാവിലെ 9.30 മുതൽ ആചരിക്കുന്നു. ഓരോ യൂണിറ്റിലേയും 10 വനിതകൾ സെമിനാറിൽ പങ്കുചേരുവാൻ അഭ്യർത്ഥിക്കുന്നു.
2. KCYM ബോധവത്ക്കരണയജ്ഞം രൂപതാ KCYM- ന്റെ നേതൃത്വത്തിൽ "കുട്ടികളും തിന്മകളും" എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി 2 മണിക്കൂർ നീളുന്ന ബോധവത്ക്കരണ പരിപാടി (സിനിമ, ക്ലാസ്സുകൾ)യെക്കുറിച്ച് ഭാരവാഹികൾ വികാരിയച്ചനെ അറിയിക്കുമല്ലോ. ഈ ബോധവത്ക്കരണ പരിപാടി വേദപാഠ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഏറെ പ്രയോജനകരമാണ്.

**അഭിനന്ദനങ്ങൾ**

ഇരിങ്ങാലക്കുട രൂപത KCYM-ന്റെ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾക്ക് നേതൃത്വം വഹിച്ച പുല്ലൂർ സെന്റ് സേവിയേഴ്സ് ഐ.ടി.സി. യ്ക്കും രൂപതാ KCYMന്റെ ചാലക്കുടി മേഖല ഏകദിന സെമിനാർ 'ഉണർവ്വ് 2011'ന് ആതിഥേയത്വം വഹിച്ചു കാരൂർ KCYM യൂണിറ്റിനും രൂപതാ KCYM-ന്റെ മദർതെരേസ അനുസ്മരണത്തിനും ഓണാഘോഷപരിപാടികൾക്കും വേദി ഒരുക്കി തന്ന സാന്ത്വന സദനത്തിനും മാള മേഖല ഏകദിന സെമിനാർ പവർ 2011 ന് ആതിഥേയത്വം വഹിച്ചു. തുമ്പൂർ KCYM യൂണിറ്റിനും രൂപത KCYMന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. കിൻസ് എളംകുന്നപ്പുഴ**
ഡയറക്ടർ

## കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥപ്രാർത്ഥനാദിനം**

രൂപതാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 3 തിങ്കളാഴ്ച രാവിലെ 10 മുതൽ 3 വരെ മദ്ധ്യസ്ഥപ്രാർത്ഥന ദിനമാചരിക്കുന്നു. സോൺ, സബ്സോൺ സർവ്വീസ് ടീമംഗങ്ങളും ഗ്രൂപ്പംഗങ്ങളും ഇടവക പ്രാർത്ഥന ഗ്രൂപ്പംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**ദമ്പതീധ്യാനം**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ഈ വർഷം കുടുംബ വിശുദ്ധീകരണ വർഷമായി ആചരിക്കുകയാണല്ലോ. ദാമ്പത്യജീവിതത്തിലെ സമകാലിക പ്രതിസന്ധികളെ തരണം ചെയ്യാൻ ഉപകരിക്കുന്ന ദമ്പതീധ്യാനം ഒക്ടോബർ 4 ചൊവ്വാഴ്ച മുതൽ ഒക്ടോബർ 6 വ്യാഴാഴ്ചവരെ ആളൂർ ബി.എൽ.എം ധ്യാനകേന്ദ്രത്തിൽ. സഹകരണം പ്രതീക്ഷിക്കുന്നു.

ഫോൺ :- 2728406, 2720272, 8089975424

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## സാൻജോസദൻ

**ഒക്ടോബർ**

5.10.2011 സാൻജോസദനിൽ ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ്

7.10.2011 സ്റ്റാഫ് മീറ്റിംഗ്

10.10.2011 ക്ലിനിക്കൽ മീറ്റിംഗ്

16.10.2011 ഫോളോ അപ്പ് പ്രോഗ്രാം

19.10.2011 സാൻജോസദനിൽ ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ്

21.10.2011 പ്രാർത്ഥനാദിനം

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

# സ്പിരിച്ചാലിറ്റി സെന്റർ

1 **കുമ്പസാരം :** ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകീട്ട് 5 വരെ കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരിക്കും.

2. **കൗൺസലിങ്ങ് :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ കൗൺസലിംഗിന് സൗകര്യമുണ്ട്. മുൻകൂട്ടി വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. ഫോൺ : 2821622

3 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മുതൽ വൈകീട്ട് 8 വരെ ആരാധനയ്ക്ക് എഴുന്നള്ളിച്ചുവച്ചിരിക്കും. നിശ്ശബ്ദ ആരാധനയാണ് നടത്തപ്പെടുക.

4. **നൊവേന :** എല്ലാ ചൊവ്വാഴ്ചകളിലും 8 മണിക്കുള്ള കുർബാനയോട് ചേർന്ന് വി. അന്തോണീസിനോടുള്ള ആഘോഷമായ നൊവേന ഉണ്ടായിരിക്കുന്നതാണ്.

5 **ബി. പ്ലസ് :** മാസത്തിൽ ആദ്യചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ, വചനസന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന എന്നിവ ഉണ്ടായിരിക്കും.

6 **ദിവ്യകാരുണ്യ നൊവേന :** എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 8 മണിക്ക് ആഘോഷമായ ദിവ്യബലി, വചനസന്ദേശം, ദിവ്യകാരുണ്യ നൊവേന, ആരാധന എന്നിവ നടത്തപ്പെടുന്നു.

7 **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ പ്രസിദ്ധ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരിക സൗഖ്യ ആരാധന, തൈലാ ഭിഷേക പ്രാർത്ഥന, ബന്ധനമോചനശുശ്രൂഷ എന്നിവ നടത്തപ്പെടുന്നു.

8 **ജപമാലവാരം :** 1-ാം തിയ്യതി വെള്ളിയാഴ്ച മുതൽ 10-ാം തിയ്യതി വരെ ഉച്ചതിരിഞ്ഞ് 5 മണിക്ക് വി. കുർബാന, വചനപ്രഘോഷണം, ആഘോഷമായ ജപമാല, ദിവ്യകാരുണ്യ ആശീർവ്വാദം.

9 **വിധവാസംഗമം :** 3-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 2 വരെ (ഇരിങ്ങാലക്കുട മേഖലയിലും അതിനടുത്ത ഇടവകകളിലും ഉള്ളവർക്ക്)

10 **ജെറീക്കോ പ്രാർത്ഥന :** 8-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണി യുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8.30ന് സമാപിക്കുന്നു.

11 **സിസ്റ്റേഴ്സിന്റെ മാസധ്യാനം :** 15-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ.

12 **അഖണ്ഡ ജപമാല :** 30-ാം തിയ്യതി ഞായറാഴ്ച രാവിലെ 10-ന് ആരം ഭിച്ച് വൈകീട്ട് 5 മണിയുടെ കുർബാനയോടെ സമാപിക്കുന്നു.

13 **പ്രേഷിത കൂട്ടായ്മ :** 27-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30-ന്

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

## തിരുബാലസഖ്യം

2011 ഒക്ടോബർ 5-ാം തിയ്യതി രാവിലെ 10 മണി മുതൽ തിരു ബാലസഖ്യം ബൈബിൾ കലോൽസവം ഇരിങ്ങാലക്കുട ഡോൺ ബോസ്ക്കോ സ്ക്കൂളിൽവെച്ച് നടത്തുന്നു. ഇനിയും വരിസംഖ്യ തരാത്തവരും പേപ്പൽ സ്കോളർഷിപ്പിന്റെ പേര് നൽകാത്തവരും എത്രയും വേഗം തരുവാൻ താല്പര്യപ്പെടുന്നു.

**ഫാ. ഷിബു നെല്ലിശ്ശേരി.**
ഡയറക്ടർ.

### ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Feast Day**
04. Fr. Suresh Pudussery
09. Fr. Joy Puthenveettil

**Birth day**
02. Fr. Varghese Pathadan
02. Fr. Liju Manjaprakaran
03 Fr. Tom Maliekal
05. Fr. Sanesh Thekethala
09. Msgr. Joseph Kavalakatt
09. Fr. Joy Menoth
10. Fr. Sebastian Ezhekadan
10. Fr. Varghese Vadakkepeedika
13. Fr. John Kavalakatt (Sr.)
14. Fr. Robin Palatty
19. Fr. Sebastian Valiyaveettil
20. Fr. Jees Pakrath
24. Fr. Joy Paliakkara
28. Fr. Rocky Vazhappilly
28. Fr. Shabu Puthur

# ബി.എൽ.എം. ധ്യാനകേന്ദ്രം

* **ഏകസ്ഥർക്കുള്ള ഏകദിനധ്യാനം**
  17.10.2011 – മൂന്നാമത്തെ തിങ്കളാഴ്ച രാവിലെ 10.00 മണി മുതൽ വൈകീട്ട് 3.00 മണി വരെ
* **ദമ്പതികളുടെ കൂട്ടായ്മ**
  16.10.2011 – മൂന്നാമത്തെ ഞായറാഴ്ച 1.30 മുതൽ 4.30 വരെ
* **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ**
  23.10.2011 നാലാമത്തെ ഞായറാഴ്ച 1.30 മുതൽ 4.30 വരെ
* **കുട്ടികൾക്കുള്ള ഏകദിനധ്യാനം**
  എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ചകളിൽ രാവിലെ 9.30 മുതൽ 3.00 വരെ.

**താമസിച്ചുള്ള ധ്യാനം ബി.എൽ.എം ധ്യാനകേന്ദ്രത്തിൽ**

എല്ലാ വ്യാഴാഴ്ചയും ഉച്ചതിരിഞ്ഞ് 4.00 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 3.00 മണിക്ക് സമാപിക്കുന്നതാണ്.

| | | |
|---|---|---|
| 4, 5, 6, 7 | – | ദമ്പതീധ്യാനം |
| 13, 14, 15, 16 | – | യുവജനധ്യാനം |
| 20, 21, 22, 23 | – | ആന്തരികസൗഖ്യധ്യാനം |
| 27, 28, 29, 30 | – | പരിശുദ്ധാത്മാഭിഷേകധ്യാനം |

**ബി.എൽ.എം. ധ്യാനകേന്ദ്രത്തിലെ മറ്റു ശുശ്രൂഷകൾ**

* **നിത്യാരാധന – മദ്ധ്യസ്ഥപ്രാർത്ഥന**
  എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകീട്ട് 4.00 വരെ.
* **വചനപ്രഘോഷണവും – ദിവ്യകാരുണ്യസൗഖ്യാരാധനയും**
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മണി മുതൽ വൈകീട്ട് 3.00 മണി വരെ.
* **വിധവകളുടെ ഏകദിന കൺവെൻഷൻ – നവോമി 2011**
  10.10.2011 രണ്ടാം തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 4 വരെ
* **ജാഗരണപ്രാർത്ഥന**
  രണ്ടാം ചൊവ്വാഴ്ചകളിൽ 6.00 മണി മുതൽ 6.00 മണി വരെ

വിശദവിവരങ്ങൾക്ക് ബി.എൽ.എം ധ്യാനകേന്ദ്രവുമായി ബന്ധപ്പെടുക 0480 –2720272, 2728406, മൊബൈൽ :–8089975424.

www. blmretreatcentre. com

**ഫാ. ജോയ് തറക്കൽ**

ഡയറക്ടർ

## കെ.സി.എസ്.എൽ.

**നേതൃത്വ പരിശീലനക്യാമ്പ് - 2011**

2011-2012 നേതൃത്വ പരിശീലനക്യാമ്പ് സെപ്തംബർ 5, 6, 7 തിയ്യതികളിലായി സെന്റ് ആന്റണീസ് ജി.എച്ച്.എസ് തെക്കൻ താണിശ്ശേരിയിൽവെച്ച് നടത്തപ്പെട്ടു. മുൻ ഡയറക്ടർ റവ. ഫാ. ബിനോയ് കോഴിപ്പാട്ട് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. വിവിധ വിദ്യാലയങ്ങളിൽനിന്നുമായി 200 വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ. ജിനോ മാളക്കാരൻ, ഫാ. ജെയിംസ് പള്ളിപ്പാട്ട്, ഫാ. ജിജി കുന്നേൽ, ഫാ. ജോസഫ് മണ്ടകത്ത്, മിസ്റ്റർ ബിനു കാളിയാടൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**സ്റ്റുഡന്റ്സ് എക്സിക്യൂട്ടിവ്. - 2011 -2012**

| | | | |
|---|---|---|---|
| ചെയർ പേഴ്സൺ | : | അലക്സാണ്ടർ ജോയ് | |
| ജനറൽ സെക്രട്ടറി | : | ചാലക്കുടി സോൺ | - രാഖി റപ്പായി |
| | | മാള സോൺ | - ആൻമരിയ ഡേവിസ് |
| | | ഇരിങ്ങാലക്കുട | - രോഷ്ണി തോമസ് |
| സെക്രട്ടറി എച്ച്.എസ് | : | ചാലക്കുടി | - ഡിനി എം. മാത്യു |
| | | മാള | - രോഷൻ ജോയ് |
| | | ഇരിങ്ങാലക്കുട | - അഞ്ജലി ജോയ് |
| സെക്രട്ടറി യു.പി. | : | ചാലക്കുടി | - മിലൻ കെ.പി |
| | | മാള | - അനിത ജിൽസൻ |
| | | ഇരിങ്ങാലക്കുട | - ട്രീസ മേരി ഡേവിസ് |

**ഫാ. ടോം മാളിയേക്കൽ,** ഡയറക്ടർ

## നവചൈതന്യ

**നാളെകൾ**

| | | |
|---|---|---|
| ഒക്ടോബർ | 2. | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, N.A.R.F. മീറ്റിംഗ് |
| ,, | 5 | പ്രാർത്ഥനാദിനം - സ്റ്റാഫ് മീറ്റിംഗ് |
| ,, | 8-15 | ലഹരിമോചന പരിശീലനക്യാമ്പ് |
| ,, | 9 | ജാഗരണപ്രാർത്ഥന |
| ,, | 10 | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| ,, | 24, 25, 26 | ഫീൽഡ് വിസിറ്റ്. |
| ,, | 27 | ഔട്ട് റിച്ച് പ്രോഗ്രാം |

"ഒരു മദ്യപാനിയെ രക്ഷിക്കൂ, ഒരു കുടുംബത്തെ രക്ഷിക്കൂ."

**ഫാ. ബെന്നി കരുമാലിക്കൽ,** ഡയറക്ടർ

# സി.എൽ.എ.

1 CLAയുടെ രൂപതാ ഡയറക്ടറായി ഫാ. ആന്റോ കരിപ്പായി ചാർജ്ജെടുത്തു. സ്ഥാനമൊഴിഞ്ഞ മുൻ ഡയറക്ടർ ഫാ. ജെയ്സൻ പാറേക്കാട്ടിനെ രൂപത കമ്മിറ്റി നന്ദി രേഖപ്പെടുത്തി.

2 'സുരക്ഷ' ഇൻഷൂറൻസ് പദ്ധതി ചേർത്തു തുടങ്ങി. രാജ്യത്തെ അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള ഈ ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള അവകാശം സർക്കാരിൽനിന്ന് നാം കരസ്ഥമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ നാം കുറഞ്ഞത് 1000 രൂപ അടയ്ക്കുമ്പോൾ കേന്ദ്ര സർക്കാർ 1000 രൂപ നമുക്കായി ഇൻഷൂറൻസിൽ നമ്മുടെ പേരിൽ അടയ്ക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ആളൂർ BLMലെ മാർ തോമാ സെന്ററിലെ ഓഫീസുമായി ബന്ധപ്പെടുക.

3 ഒക്ടോബർ 3-ന് കല്ലേറ്റുംകര പാക്സിൽവച്ച് CLA അംഗങ്ങൾക്കായി തൊഴിൽ പരിശീലന സെമിനാർ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ CLA ഓഫീസിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടൻ സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. ഈ സെമിനാറിൽ അന്തർദ്ദേശീയ സോളിഡാരിറ്റി മൂവ്മെന്റിന്റെ ബെൽജിയത്തിൽനിന്നുള്ള 40ഓളം പ്രതിനിധികൾ പങ്കെടുക്കും. 17. 07. 2011ൽ തയ്യൽ, ഗാർഹിക തൊഴിലാളി ഫോറങ്ങളുടെ രൂപതാ കമ്മിറ്റികൾ രൂപീകരിച്ചു. SNTU തൊഴിലാളി ഫോറം പുനഃസംഘടിപ്പിച്ചു.

4 നമ്മുടെ മറ്റു ക്ഷേമനിധികളായ വിദഗ്ദ അവിദഗ്ദ തൊഴിലാളി, ഗാർഹിക തൊഴിലാളി, തയ്യൽതൊഴിലാളി, നിർമ്മാണ തൊഴിലാളി, തോട്ടം തൊഴിലാളി, മോട്ടോർ തൊഴിലാളി ക്ഷേമനിധികൾ ഇപ്പോഴും നാം നല്ല രീതിയിൽ ചേർത്തു വരുന്നു.

CLA ഓഫീസ് ഇരിങ്ങാലക്കുട പാസ്റ്ററൽ സെന്ററിൽനിന്നും ആളൂർ BLMലെ മാർ തോമാ സെന്ററിലേക്ക് 21. 09. 2011-ൽ മാറ്റി സ്ഥാപിച്ചു. ഞായറാഴ്ച ഒഴികെ മറ്റു ദിവസങ്ങളിലെല്ലാം 10 മുതൽ 4 വരെ ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നതായിരിക്കും.

**ഫാ. ആന്റോ കരിപ്പായി**
ഡയറക്ടർ

# സീറോമലബാർ റിസർച്ച് സെന്റർ അവാർഡ് അപേക്ഷ ക്ഷണിക്കുന്നു.

**മൗണ്ട് സെന്റ് തോമസ് :** സീറോമലബാർ സഭയുടെ ഗവേഷണ പഠന ങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്റർ നൽകുന്ന അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. 25,000 രൂപയും ഷീൽഡും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോമലബാർ സഭയുടെ ആരാ ധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാത്മികത, ചരിത്രം, ശിക്ഷണക്രമം എന്നിവയുടെ പരിപോഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവേഷണകേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തുന്നത്. മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി രക്ഷാധികാരിയും, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചെയർ മാനും, ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട് സിനഡ് പ്രതിനിധിയും, ഫാ. ഡോ. സെബാസ്റ്റ്യൻ നടുത്തടം എക്സിക്യൂട്ടീവ് ഡയറക്ടറും, ഫാ. ഡോ. ജോസ് പാലക്കിൽ, ഫാ. ഡോ. പോളി മണിയാട്ട് ഡയറക്ടർ ബോർഡ് അംഗങ്ങളുമായിരിക്കുന്ന സമിതിയാണ് ഗവേഷണകേന്ദ്രത്തി ന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സീറോമലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവ ശാസ്ത്രം, സാഹിത്യം, കല, സംസ്ക്കാരം ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാ വനകൾ നൽകിയ സീറോമലബാർ സഭാംഗങ്ങളായ വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. 2010 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമെ സ്വീകരിക്കുക യുള്ളു. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവ നകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ഫോട്ടോ ഗ്രാഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊ പ്പം സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ 2011-നകം താഴെ കൊടു ത്തിരിക്കുന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

**Rev. Dr. Sebastian Naduthadam, Executive Director, Liturgical Research Centre, Mount St. Thomas, Kakkanad-682030, P.B. No. 3110, Kerala, India.**

സീറോമലബാർ റിസർച്ച് സെന്ററിന്റെ പ്രഥമ അവാർഡിന് പ്രൊഫ. ജോർജ്ജ് മേനാച്ചേരിയും, രണ്ടാമത്തെ അവാർഡിന് റവ. ഡോ. മാത്യു വെള്ളാനിക്കലും അർഹരായി.

**റവ. ഡോ. സെബാസ്റ്റ്യൻ നടുത്തടം**

# ഇടയന്റെ നാളെകൾ

**ഒക്ടോബർ 2011**

| | | |
|---|---|---|
| 1 | 6.30 am | ലിസ്യൂ കോൺവെന്റ്, കാട്ടുങ്ങചിറ |
| | 10.00 am | സോഷ്യൽ ആക്ഷൻ, ഇരിങ്ങാലക്കുട |
| | 3.00 pm | ലിറ്റിൽ ഫ്ളവർ കോൺവെന്റ്, ഇരിങ്ങാലക്കുട |
| 2 | 8.00 am | ഇടയസന്ദർശനം, കോട്ടയ്ക്കൽ |
| | 4.00 pm | മാള പള്ളി |
| | 6.00 pm | കുണ്ടൂർ പള്ളി |
| 3 | 10.00 am | പാക്സ്, കല്ലേറ്റുംകര |
| | 11.00 am | സോഷ്യൽ ആക്ഷൻ, ഇരിങ്ങാലക്കുട |
| | 6.00 pm | മൈനർ സെമിനാരി |
| 4 | | സന്ദർശകദിനം |
| 5 | | ഇരിങ്ങാലക്കുട |
| 6 | | ഇരിങ്ങാലക്കുട |
| 7 | | ഇരിങ്ങാലക്കുട |
| | 6.00 pm | മുരിങ്ങൂർ |
| 8 | 09.30 am | സഹൃദയ കോളേജ് |
| 9 | 10.30 am | എരവത്തൂർ കുരിശു പള്ളി |
| | 05.00 pm | പേരാമ്പ്ര |
| | 6.00 pm | ഉദയ പ്രൊവിൻഷ്യാൽഹൗസ്, ഇരിങ്ങാലക്കുട |
| 10 | | ഇരിങ്ങാലക്കുട |
| 11 | | സന്ദർശകദിനം |
| 12 | 06.30 am | അൽവേർണിയ, ഇരിങ്ങാലക്കുട |
| | 09.00 am | കാക്കനാട് മൗണ്ട് സെന്റ് തോമസ് |
| 13 | | കാക്കനാട് |
| 14 | 06.45 am | നവചൈതന്യ, ആളൂർ |
| 15 | 11.00 am | ചാലക്കുടി ഫൊറോന പള്ളി |
| 16 | | ഇടയസന്ദർശനം, കോർമല പള്ളി |
| | 02.30 pm | എടത്തിരുത്തി |
| 17 | | താമരശ്ശേരി |
| 18 | | സന്ദർശകദിനം |
| | 02.30 pm | കരാഞ്ചിറ ഹോസ്പിറ്റൽ |
| 19 | | ഇരിങ്ങാലക്കുട |

| | | |
|---|---|---|
| 20 | 02.30 pm | ആലുവ |
| | 06.30 pm | പരിയാരം C.S.R. |
| 21 | | ഇരിങ്ങാലക്കുട |
| | 02.30 pm | ആലുവ |
| 22 | 10.00 am | ആലുവ CHF പ്രൊവിൻഷ്യൽ ഹൗസ് |
| | 05.30 pm | കുഴിക്കാട്ടുശ്ശേരി പള്ളി |
| 23 | 03.00 pm | കരുവന്നൂർ FCC കോൺവെന്റ് |
| | 05.00 pm | ഒല്ലൂർ ഫൊറോന പള്ളി |
| 24. | | ഇരിങ്ങാലക്കുട |
| | 11.00 am | ചാലക്കുടി |
| 25 | | സന്ദർശകദിനം |
| 26 | 7.15 am | ചാലക്കുടി പള്ളി |
| 27 | | ഇരിങ്ങാലക്കുട |
| 28 | | ഇരിങ്ങാലക്കുട |
| 29 | 9.30 am | വല്ലം ഫൊറോന പള്ളി |
| | 4.00 pm | കനകമല പള്ളി |
| 30 | | ഇടയസന്ദർശനം, തുമ്പരശ്ശേരി പള്ളി |
| 31 | 6.30 am | പുല്ലൂർ CMC കോൺവെന്റ് |
| | 2.30 pm | ഇഞ്ചക്കുണ്ട് പള്ളി |

## ഇടയന്റെ ഇന്നലെകൾ

**സെപ്തംബർ 2011**

1 10.00 am ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിന്റെയും ജനമൈത്രി പോലീസിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ ഓണാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

4.45 pm ചാലക്കുടി ഫൊറോന ദേവാലയത്തിൽ മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ചുള്ള 'എട്ടുനോമ്പു തിരുനാൾ' കൊടികയറ്റം നടത്തി; വി. കുർബാന അർപ്പിച്ചു.

07.00 pm ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു.

2 11.00 am കല്ലേറ്റുംകര പാക്സിൽ വൈദികരുടെ പഞ്ചദിനക്യാമ്പിന്റെ സമാപന സന്ദേശം നൽകി.

|  |  |  |
|---|---|---|
|  | 2.00 pm | സഹൃദയ എഞ്ചിനീയറിംഗ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 3 | 10.00 am | സേവിയൂർ പള്ളിയിൽ സിമിത്തേരി വെഞ്ചരിച്ചു; വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
|  | 3.00 pm | പ്രേഷിതവർഷ ഉദ്ഘാടനത്തിന്റെ വിവിധ കമ്മിറ്റി കൺവീനർമാരുടെ വിലയിരുത്തൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
|  | 6.00 pm | ആളൂർ തിരുഹൃദയ ഭവനിൽ നാലാം വർഷം മൈനർ സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി. |
| 4 | 8.30 am | മതിലകം പള്ളിയിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു; പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
|  | 4.00 pm | വെള്ളിക്കുളങ്ങര ഇടവകയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിന്റെ ആരംഭത്തോടനുബന്ധിച്ച് വി. കുർ ബാന അർപ്പിച്ചു; പൊതുയോഗം ഉദ്ഘാടനം നടത്തി. |
| 5 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ കോൺവെന്റിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിലെ രണ്ട് സന്യാസിനികളുടെ നിത്യവ്രതവാഗ്ദാന ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
|  | 9.30 am | പുല്ലൂർ സേക്രഡ് ഹാർട്ട് ഹോസ്പിറ്റലിൽ സ്നേഹോദയ BSc. നഴ്സിംഗ് സ്കൂളിന്റെ ഉദ്ഘാടനം നടത്തി. |
|  | 11.00 am | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
|  | 12.10 pm | കാട്ടുങ്ങച്ചിറ സാന്ത്വന സദനത്തിൽ രൂപതാ CYM-ന്റെ മദർ തെരേസ അനുസ്മരണവും ഓണാഘോഷ പരിപാടികളും ഉദ്ഘാടനം ചെയ്തു. |
|  | 2.30 pm | വെട്ടിക്കുഴി സ്മൈൽ വില്ലേജിൽ കരുണയുടെ സഹോദരിമാരുടെ സമൂഹത്തിലെ 10 സന്യാസിനികളുടെ നിത്യവ്രതവാഗ്ദാന കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 6 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. കുർബാന അർപ്പിച്ചു. |
|  | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
|  | 3.00 pm | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |

| | | |
|---|---|---|
| 7 | 6.45 am | ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ കുട്ടികളുടെ ധ്യാനത്തിന്റെ സമാപനത്തോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 10.30 am | രൂപതയുടെ ആലോചന സമിതി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 2.30 pm | രൂപതാഭവനത്തിൽ നടന്ന പത്രസമ്മേളനത്തിൽ പങ്കെടുത്തു. |
| | 3.30 pm | പുത്തൻചിറ ഹോളിഫാമിലി കോൺവെന്റിലെ പുതിയ ചാപ്പൽ വെഞ്ചരിച്ചു. |
| | 5.00 pm | രൂപതാഭവനത്തിൽ നടന്ന Formation Council യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| 8 | 6.30 am | ഇരിങ്ങാലക്കുട പ്രതീക്ഷാഭവനിൽ വി. കുർബാന അർപ്പിച്ചു. |
| | 9.00 am | മതിലകം ഇടവകയുടെ മുൻ ദേവാലയ ശുശ്രൂഷിയുടെ മരണാവസരത്തിൽ ഭവനം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 9.45 am | ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ BCT കോഴ്സ് ഉദ്ഘാടനം ചെയ്തു. |
| | 3.30 pm | പഴൂക്കര ഇടവകയിൽ ഓണാഘോഷ പരിപാടികൾ ‘നിറം 2011’ ഉദ്ഘാടനം ചെയ്തു. |
| | 7.00 pm | ആളൂർ BLM-ൽ നടന്ന യുവജനധ്യാനത്തിൽ സന്ദേശം നൽകി. |
| 9 | 06.30 am | പുൽപ്പാറക്കുന്ന് ആവേ മരിയായിൽ ജീസസ് യൂത്ത് ഒരുക്കിയ ‘Apostles 2011’ എന്ന ട്രെയിനിങ്ങ് പ്രോഗ്രാമിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 11.00 am | കരുവന്നൂർ സെന്റ് ജോസഫ് മഠത്തിൽ റവ. സി. ക്ലാവുദിയ FCCയുടെ മൃതദേഹസംസ്കാര കർമ്മത്തിൽ മുഖ്യകാർമ്മികനായി. |
| | 04.00 pm | കൊടകര ഡോൺബോസ്കോ മഠത്തിൽ റവ. സി. ബെറോമിയ CHFന്റെ മൃതദേഹസംസ്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 05.00 pm | കരുവന്നൂർ സെന്റ് ജോസഫ് റവ. സി. ലിനറ്റ് FCCയുടെ മൃതദേഹസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 10 | 8.00 am | മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെ ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ സ്വീകരിച്ചു. |
| | 9.15 am | ഇരിങ്ങാലക്കുട രൂപതാഭവനത്തിൽ ഇരിങ്ങാലക്കുട പൗരാവലി മേജർ ആർച്ചുബിഷപ്പിനെ സ്വീകരിച്ച യോഗത്തിൽ പങ്കെടുത്തു. |
| | 10.00 am | മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് ഔദ്യോഗിക സ്വീകരണവും മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷവും 34-ാം രൂപതാദിനവും സംയുക്തമായി ആഘോഷിച്ചതിന്റെ ഭാഗമായി കത്തീഡ്രൽ ദേവാലയത്തിൽ നടന്ന വി. കുർബാനയിൽ പിതാക്കന്മാരോടൊപ്പം സഹകാർമ്മികത്വം വഹിച്ചു. |
| | 11.45 am | മേജർ ആർച്ചുബിഷപ്പിനും മാർ ജെയിംസ് പഴയാറ്റിലിനും അനുമോദനമേകാൻ കത്തീഡ്രൽ പാരിഷ്ഹാളിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ പങ്കെടുത്തു. |
| | 3.00 pm | ആളൂർ BLM-ൽ പുതിയതായി നിർമ്മിച്ച മാർ തോമാ സെന്റർ (MTC) മേജർ ആർച്ചുബിഷപ്പ് വെഞ്ചരിച്ചപ്പോൾ സഹകാർമ്മികനായി. |
| | 4.00 pm | വാ. മറിയംത്രേസ്യയുടെ കുഴിക്കാട്ടുശ്ശേരിയിലുള്ള കബറിടം മേജർ ആർച്ചുബിഷപ്പിനോടൊപ്പം സന്ദർശിച്ചു. |
| | 5.00 pm | ചാലക്കുടി ഫൊറോന ദേവാലയത്തിൽ മേജർ ആർച്ചുബിഷപ്പിന് നൽകിയ സ്വീകരണ പരിപാടികളിൽ സംബന്ധിച്ചു. |
| 11. | 7am-7 pm | കല്ലൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 12. | 06.30 am | വല്ലക്കുന്ന് പൗളാലയം സമരിറ്റൻ കോൺവെന്റിൽ വി. ബലി അർപ്പിച്ചു. |
| | 10-4 pm | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 6.00 pm | രൂപതയിലെ വൈദികരുടെ പഞ്ചദിനക്യാമ്പ് കല്ലേറ്റുംകര പാക്സിൽ ഉദ്ഘാടനം ചെയ്തു. |
| 13. | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| 14 | 7.00 am | കല്ലേറ്റുംകര പാക്സിൽ വൈദികരുടെ പഞ്ചദിന ക്യാമ്പിൽ വി. കുർബാന അർപ്പിച്ചു. |

| | | |
|---|---|---|
| | 09.30 am | നോർത്ത് ചാലക്കുടി പള്ളിയിൽ ഒരു മാമ്മോദീസ നടത്തി. |
| | 11.00 am | പോട്ട റോസറി കോൺവെന്റ്, പ്രസ് എന്നിവയുടെ പുതിയ കെട്ടിടം വെഞ്ചരിച്ചു, വി. കുർബാന അർപ്പിച്ചു. |
| 15. | 8.00 am | രൂപതയിലെ വൈദികരോടൊപ്പം വിനോദയാത്രയിൽ പങ്കെടുത്തു. |
| 16. | 6.45 am | ആളൂർ നവചൈതന്യയിൽ വി. കുർബാന അർപ്പിച്ചു. |
| | 8.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | വൈദികരുടെ പഞ്ചദിനക്യാമ്പ് രണ്ടാം ബാച്ചിന്റെ സമാപന യോഗത്തിൽ പങ്കെടുത്തു. |
| | 2.30 pm | സ്നേഹഗിരി കർമ്മലീത്ത കോൺവെന്റിൽ റവ. സി. ഗമാലിയേലിന്റെ മൃതദേഹസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 4.00 pm | ബ്ലസ് എ ഹോം പദ്ധതിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| 17 | 10.00 am | മാള ഫൊറോന ദേവാലയത്തിൽ റവ. ഫാ. ജോൺ എടാട്ടുകാരന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. |
| | 7.00 pm | പുല്ലൂർ സെന്റ് സേവ്യർ CMI ആശ്രമത്തിൽ അച്ചന്മാരുടെ മാസധ്യാന സന്ദേശം നൽകി. |
| 18. | 7.00 am | മുരിയാട് പള്ളിയിൽ വി. ബലി അർപ്പിച്ചു. |
| | 11.00 am | കത്തീഡ്രൽ ഇടവകയിലെ കുടുംബയൂണിറ്റ് ആനിമേറ്റേഴ്സിന് സന്ദേശം നൽകി. |
| | 5.00 pm | ചാലക്കുടിയിൽ ബ്ലസ് എ ഹോമിന്റെ പുതിയ ഓഫീസ് ഉദ്ഘാടനം ചെയ്തു. |
| | 6.00 pm | ഇരിങ്ങാലക്കുടയിൽ മാഞ്ഞൂരാൻ പന്തലിപ്പാടൻ കുടുംബയോഗം ഉദ്ഘാടനം നടത്തി. |
| | 7.00 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരി മേഖലയിലെ കുടുംബയൂണിറ്റുകളുടെ വാർഷികത്തിൽ പങ്കെടുത്തു. |
| 19 | 5.00 pm | പാറക്കടവ് ലാസലെറ്റ് ഭവനിൽ വി. കുർബാന അർപ്പിച്ചു. |
| 20 | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| 21 | 3.30 pm | ചാലക്കുടി സെന്റ് ജെയിംസ് ആശുപത്രി ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |

22 6.30 am ഇരിങ്ങാലക്കുട ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു.

10.00 am ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽ മതബോധന മീറ്റിംഗിൽ പങ്കെടുത്തു.

11.00 am കുഴിക്കാട്ടുശ്ശേരി ഹോളിഫാമിലി കോൺവെന്റിൽ റവ. സി. ഫ്രാങ്കോയുടെ മൃതദേഹ സംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മിത്വം വഹിച്ചു.

2.00 pm മാള ജീസസ് ട്രെയിനിംഗ് കോളേജിൽ കോളേജ് ഡേ ഉദ്ഘാടനം ചെയ്തു.

23 10.30 am രൂപതയിലെ റീജൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി.

24 9.00 am വടക്കുംകര പള്ളിയിൽ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

10.00 am തുമ്പൂർ പള്ളിയിൽ ഇടവക മധ്യസ്ഥന്റെ തിരുനാളിന് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

3.00 pm കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

25 മേട്ടിപ്പാടം സെന്റ് ജോസഫ് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

26 കൂരിയ മീറ്റിംഗിൽ പങ്കെടുത്തു.

27 സന്ദർശകരെ സ്വീകരിച്ചു.

28 2.00 pm പോട്ട ആശ്രമത്തിൽ വി. വിൻസന്റ് ഡി പോളിന്റെ തിരുനാളിന് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 9.30 am വി. ഡോൺബോസ്കോയുടെ തിരുശേഷിപ്പിന് ഇരിങ്ങാലക്കുട ഡോൺബോസ്കോ സ്ക്കൂളിൽ നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

5.00 pm ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ വി. ഡോൺ ബോസ്കോയുടെ തിരുശേഷിപ്പ് വണക്കത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

30 വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു.